# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.17/159/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.17/159/22 തീയ്യതി: 30/03/2022

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത്ത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി. എം. സിറാജ് | ചെയർമാൻ | 01-04-2020 | 02-06-2020 |
| ബൽക്കീസ് നവാസ് | ചെയർപേഴ്സൺ | 03-06-2020 | 21-06-2020 |
| നിസ്സാർ കുർബാനി | ചെയർമാൻ | 22-06-2020 | 11-11-2020 |
| സുഹ്റ അബ്ദുൽഖാദർ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| സജി എം. എസ്. | സെക്രട്ടറി | 01-04-2020 | 11-11-2020 |
| സിനി റ്റി. എൻ. | സെക്രട്ടറി | 12-11-2020 | 07-02-2021 |
| ഫിറോസ് ഖാൻ എ. | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സജ്ജ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 29-12-2020 |
| ഡോ. ജോസഫ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 30-12-2020 | 31-03-2021 |
| സന്ധ്യ | കൃഷി ഓഫീസർ | 01-04-2020 | 19-06-2020 |
| രമ്യ | കൃഷി ഓഫീസർ | 01-07-2020 | 31-03-2021 |
| ആൻസി | പ്രിൻസിപ്പൽ(ഗവ. എച്ച്.എസ്.എസ്.) | 01-04-2020 | 22-06-2020 |
| തുഷാര നൈനാൻ | പ്രിൻസിപ്പൽ(ഗവ. എച്ച്.എസ്.എസ്.) | 23-06-2020 | 31-03-2021 |
| ഡോ. സണ്ണി മാത്യൂ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ബിജോയ് ബി. ജി. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 01-04-2020 | 18-08-2020 |
| ശ്രീജിത്ത് വിജയൻ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 08-02-2021 | 31-03-2021 |
| ഷിജു സി. എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശോഭനകുമാരി എം. പി. | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2020 | 17-11-2020 |
| മിനി ജോസഫ് | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 18-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. നിഹാൽ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 07-02-2021 |
| ഡോ. ശ്രീജിത്ത് വിജയൻ | മെഡിക്കൽ ഓഫീസർ,(പി എച്ച്സി) | 08-02-2021 | 31-03-2021 |

2020-21 സുലേഖ ചെലവ് പത്രികയിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ പ്രിൻസിപ്പൽ(ഗവ. എച്ച്.എസ്.എസ്.) ആണ് നിർവ്വഹണം നടത്തിയത്. പ്രോജക്ട് ഓഫീസർ(ദാരിദ്ര നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ആണ് നിർവ്വഹണം നടത്തിയത്. 12.11.2020 മുതൽ 27.12.2020 വരെ നഗരസഭ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 10-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-01-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 10-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 11-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 12-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Lekha V (Audit Officer, On 15-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 15-01-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 07-01-2022)<br>Last Updated By: Krishnapriya.S (Auditor, On 07-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-10 |
| 11 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-03-2022) | 1-11 |
| 12 | ഡിമാന്റ് ഡ്രാഫ്റ്റ് കാലാവധിക്കുശേഷവും പണമാക്കാതെ അവശേഷിക്കുന്നു<br>Written By: Krishnapriya.S (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-12 |
| 13 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഒടുക്കുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 20-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 30-03-2022) | 1-13 |
| 14 | 153,340/- രൂപയുടെ അക്രുവൽ വരവിനം കുടിശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കി<br>Written By: Sivaraj P (Senior Grade Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-14 |
| 15 | അക്രുവൽ വരവുകൾ-96 ലക്ഷം കുടിശിക- കുടിശികയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 19-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-16 |

| | | |
|---|---|---|
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 19-01-2022)<br>Last Updated By: Lekha V (Audit Officer, On 21-01-2022) | 1-17-1 |
| 18 | കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ -ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 20-01-2022)<br>Last Updated By: Prasad P G (Audit Officer, On 22-01-2022) | 1-17-2 |
| 19 | ലൈസൻസില്ലാതെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 18-01-2022)<br>Last Updated By: Lekha V (Audit Officer, On 21-01-2022) | 1-18-1 |
| 20 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 20-01-2022)<br>Last Updated By: Lekha V (Audit Officer, On 21-01-2022) | 1-18-2 |
| 21 | തടി മില്ലുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 21-01-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 22-01-2022) | 1-18-3 |
| 22 | വാടക ബൈലോ തയ്യാറാക്കി കരാർ നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-19 |
| 23 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ഒഴിവായി കിടക്കുന്നു. ലേലം ചെയ്തു നൽകാത്തതിനാൽ നഗരസഭയ്ക്കു വരുമാന നഷ്ടം<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 26-03-2022) | 1-20 |
| 24 | വാടക കുടിശ്ശിക - കാലങ്ങളായി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-21-1 |
| 25 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-21-2 |
| 26 | പേഴുംകാട്ടിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-ലേലം ചെയ്ത് നൽകിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-22 |
| 27 | ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം കാലികമാക്കിയിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 11-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-01-2022) | 1-23 |
| 28 | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല.<br>Written By: Ranjith M (Senior Grade Auditor, On 21-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 27-03-2022) | 1-24 |
| 29 | ബാലസഭയ്ക്ക് വിഹിതം നല്കൽ - ബാലസഭ പ്രവർത്തനങ്ങൾ നടന്നില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-25 |
| 30 | ഭവനപുനരുദ്ധാരണം (എസ്.ടി) -പണികൾ പൂർത്തീകരിച്ചില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-26 |
| 31 | എസ്.സി കുടുംബങ്ങൾക്ക് വീട് വയറിംഗിന് ധനസഹായം-കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകളില്ല<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-27 |
| 32 | ഉറവിടമാലിന്യസംസ്കരണം-ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കൽ -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-28 |
| 33 | ടോയ് ലറ്റ് മെയിന്റനൻസ്- അധികതുക പിൻവലിച്ചത് -കൺസോളിഡേറ്റഡ് | 1-29 |

| | | |
|---|---|---|
| | ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | |
| 34 | അങ്കണവാടികളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Krishnapriya.S (Auditor, On 18-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-30 |
| 35 | സ്കൂളുകളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Krishnapriya.S (Auditor, On 19-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-31 |
| 36 | നഗരസഭ ഓഫീസ് കോംപ്ലക്സ് നിർമ്മാണം-പ്രാരംഭ നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-32 |
| 37 | ബഡ്സ് സ്കൂളിലെ ചവിട്ടി നിർമ്മാണ യൂണിറ്റ് - അനുബന്ധ സാമഗ്രികൾ ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-33 |
| 38 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-34 |
| 39 | സാമൂഹിക സുരക്ഷാപെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-35 |
| 40 | പി.എം.എ.വൈ ലൈഫ് ഭവനപദ്ധതി<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-36 |
| 41 | വെള്ളക്കരം അടവാക്കൽ -സംയുക്ത പരിശോധന നടത്തുന്നതിന് നഗരസഭയ്ക്ക് വിമുഖത<br>Written By: Lekha V (Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-37 |
| 42 | മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇന്റർലോക്ക് പേവിങ് വിരിക്കൽ -കരാറുകാരന് അധിക തുക നൽകി<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-38 |
| 43 | കോവിഡ് 19-പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-39 |
| 44 | കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 30-03-2022) | 1-40 |
| 45 | മുൻസിപ്പൽ എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-41 |
| 46 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി<br>Written By: Shanti George (Asst. Audit Officer, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-42 |
| 47 | ലോഗ് ബുക്ക് - രേഖപ്പെടുത്തലുകൾ അപൂർണം<br>Written By: Lekha V (Audit Officer, On 21-01-2022) | 1-43 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | |
| 48 | പൊതു ടാപ്പ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-44 |
| 49 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം<br>Written By: P B Shajimon (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-45 |
| 50 | റോഡിതരമെയിന്റനൻസ് ഗ്രാന്റ് - ഭവനപുനരുദ്ധാരണ പ്രോജക്ടിന് വിനിയോഗിച്ചത്- സർക്കാർ ഉത്തരവിന്റെ ലംഘനം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-46 |
| 51 | മുനിസിപ്പൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-03-2022) | 1-47 |
| 52 | അഗതിരഹിതകേരളം- അക്കൗണ്ട് വിശദാംശങ്ങൾ<br>Written By: Prasad P G (Audit Officer, On 21-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 30-03-2022) | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇന്റർ ലോക്ക് പേവിങ് വിരിക്കൽ - കരാറുകാരന് അധിക തുക നൽകി<br>Written By: Ramamol Velayudhan (Computer Assistant, On 07-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 3-1 |
| 2 | ലോഗ് ബുക്ക് - രേഖപ്പെടുത്തലുകൾ - അപൂർണ്ണം<br>Written By: Ramamol Velayudhan (Computer Assistant, On 07-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 30-03-2022) | 3-2 |
| 3 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി<br>Written By: Ramamol Velayudhan (Computer Assistant, On 07-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 30-03-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 14-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 14-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 14-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 14-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 14-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 15-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 15-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Sivaraj P (Senior Grade Auditor, On 15-01-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 15-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 19-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 15-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് നഗരസഭ ഭരണസമിതിയുടെ 27/03/2020 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 112,154,464/- | 33,722,798/- |
| വരവ് | 183,105,000/- | 88,460,456/- |
| ആകെ | 295,259,464/- | 122,183,254/- |
| ചെലവ് | 269,661,790/- | 101,207,606/- |
| നീക്കിയിരിപ്പ് | 25,597,674/- | 20,975,648/- |

ബജറ്റ് പ്രകാരം 18.31 കോടി രൂപയുടെ പ്രതീക്ഷിത വരവും 26.97 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 15.51 കോടി രൂപയും ചെലവ് 14.30 കോടി രൂപയുമാണ്. യഥാർത്ഥ വരുമാന-ചെലവ് കണക്കുകളുടെ 3 ഇരട്ടിയോളമാണ് ബജറ്റിൽ കണക്കാക്കിയത്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൌൺസിൽ ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ഈരാറ്റുപേട്ട നഗരസഭയുടെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 155,060,352/- രൂപയും ചെലവ് 143,026,525/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 12,033,827/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 192,853,358/- രൂപയും ബാധ്യതകളുടെ മൂല്യം 149,958,770/- രൂപയും ജനറൽ ഫണ്ട് 42,894,588/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ നഗരസഭ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല.
2. നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.
3. നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം(Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 35.77 ലക്ഷം രൂപയാണ്. ഏതെല്ലാം കുത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. വാടക നിക്ഷേപത്തിന്റെ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
5. സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന

Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല(അബ്സ്ട്രാക്റ്റ് പ്രകാരം മൂല്യശോഷണ തുക 4,871,831/- രൂപയുടെ ഷെഡ്യൂൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല).
7. ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
8. 2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
9. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
10. I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.
11. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
12. 2020-21 വർഷം പൂർത്തിയാക്കാതെ പാർട്ട് ബിൽ മാത്രം നൽകിയ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ ആസ്തിമൂല്യം Capital Work In Progress ആയി 31/03/2021 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.
13. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം അക്രൂവൽ വരവിനങ്ങളിൽ ലഭിക്കാനുള്ള സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് ഫീസ്, മറ്റ് ഫീസ് ഇനങ്ങളുടെ ഡി.സി.ബി., ഒടുക്കാനുള്ള വ്യക്തി/കുത്തകക്കാരൻ /സ്ഥാപനം, കാലയളവ് എന്നിവ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. 2020-21 വർഷത്തിനു മുൻപുള്ള കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
14. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
15. ഡെപോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ 477,930/- രൂപ നിക്ഷേപിച്ചത് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
16. ജീവനക്കാരുടെ തൊഴിൽ നികുതി 3,323,694/- വരവ് തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള 10 ന്റെ ഗുണിതമല്ല. നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി 57,000/- രൂപയുടെ വരവ് ശമ്പള റിക്കവറിയായി അക്കൗണ്ട് ചെയ്തതുമൂലം റിസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
17. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

നഗരസഭയുടെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 33,722,798/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88,460,456/- |
| ആകെ | 122,183,254/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101,207,606/- |
| നീക്കിയിരിപ്പ് | 20,975,648/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 199052.97 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2354478.25 |

1-4 ഫണ്ട് വിനിയോഗം

ഈരാറ്റുപേട്ട നഗരസഭയുടെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22,214,447/- | 22,214,447/- | 22,043,449/- | 170,998/- | 99.23 |
| വികസന ഫണ്ട്-SCSP | 0 | 912,000/- | 912,000/- | 694,500/- | 217,500/- | 76.15 |
| വികസന ഫണ്ട്-TSP | 0 | 541,000/- | 541,000/- | 366,498/- | 174,502/- | 67.74 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4,350,000/- | 4,350,000/- | 792,930/- | 3,557,070/- | 18.23 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 8,585,998/- | 8,585,998/- | 5,476,447/- | 3,109,551/- | 63.78 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,916,000/- | 6,916,000/- | 6,915,900/- | 100/- | 99.99 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,039,000/- | 5,039,000/- | 5,001,002/- | 37,798/- | 99.25 |
| സ്വച്ച് ഭാരത് അഭിയാൻ | 6,566,476/- | 175,039/- | 6,741,515/- | 1,448,077/- | 5,293,438/- | 21.47 |
| NULM | 1,149,369/- | 569,289/- | 1,718,659/- | 709,319/- | 1,009,339/- | 41.27 |
| PMAY | 12,778,872/- | 252,546/- | 13,031,418/- | 10,050,906/- | 2,980,512/- | 77.12 |
| SGRY | 1,627/- | 0 | 1,627/- | 0 | 1,627/- | 0 |
| സാക്ഷരത ഗ്രാന്റ് | 54,131/- | 2,165/- | 56,296/- | 25/- | 56,271/- | 0.04 |
| പ്രത്യേക ഗ്രാന്റ് | 64,629/- | 1490 | 66119 | 0 | 66119 | 0 |

വികസന ഫണ്ട്(ജനറൽ) ഗ്രാന്റ് ബജറ്റ് വിഹിതം 179.44 ലക്ഷം രൂപയായിരുന്നു. വികസന ഫണ്ട്(ജനറൽ) ബജറ്റ് വിഹിതത്തിന് പുറമേ 25/03/2021 ലെ G.O.(Rt) No.2904/2021/Fin പ്രകാരം 2,125,950/- രൂപയും 29/03/2021 ലെ G.O.(Rt) No.3099/2021/Fin പ്രകാരം 2,144,497/- രൂപയും ഉൾപ്പടെ

4,270,447/- അധിക അലോട്ട്മെന്റ് ലഭിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) 2019-20 വർഷം ലാപ്സായ 4,235,998/- രൂപ 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം തൻവർഷം അധിക അലോട്ട്മെന്റായി ലഭിച്ചു.

വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും യഥാർത്ഥ അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട ഗ്രാന്റ് തുകയുടെയും വിശദാംശം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 17,944,000/- | 4,270,447/- | 22,214,447/- | 358/21-365,000/-<br>359/21-365,000/-<br>360/21-365,000/-<br>352/21-3,048,750/-<br>361/21-3,204,584/-<br>ആകെ-7,348,334/- | 14,866,113/- |
| വികസന ഫണ്ട്-SCSP | 912,000/- | ഇല്ല | 912,000/- | 353/21-20,000/-<br>356/21-20,000/-<br>ആകെ-40,000/- | 872,000/- |
| വികസന ഫണ്ട്-TSP | 541,000/- | ഇല്ല | 541,000/- | 354/21-6,666/-<br>357/21-6,667/-<br>ആകെ-13,333/- | 527,667/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5,039,000/- | ഇല്ല | 5,039,000/- | Voting Machine-50,967/- | 4,988,033/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 4,350,000/- | 4,235,998/- | 8,585,998/- | ഇല്ല | 8,585,998/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ വിവരിക്കുന്നു.

1. ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. 18/08/2018 ലെ സ.ഉ.(എം.എസ്.) നം.2278/2018/തസ്വഭവ പ്രകാരം KURDFC ലോൺ തിരിച്ചടവ് 2019-20 വർഷം മുതൽ 15 വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിന്റെ 20 ശതമാനത്തിൽ കവിയാതെയുള്ള തുക സ്രോതസ്സിൽ കുറവ് ചെയ്യുന്നതിനാണ് നിശ്ചയിച്ചത്. എന്നാൽ 2020-21 വർഷം വികസന ഫണ്ട് അധിക അലോട്ട്മെന്റ് ഉൾപ്പടെയുള്ള തുകയുടെ 28% കുറവ് ചെയ്തിരിക്കുന്നു.
3. മെയിന്റനൻസ് ഗ്രാന്റ് ബജറ്റ് വിഹിതം സർക്കാർ ഉത്തരവുകൾ പ്രകാരം അലോട്ട്മെന്റ് ലഭിച്ചത് 69.16 ലക്ഷം രൂപ ആയിരുന്നു. 100/- രൂപ കുറവായി അക്കൗണ്ട് ചെയ്തതിനാൽ പ്രസ്തുത വ്യത്യാസം ACR/ഗ്രാന്റ് പത്രികയിൽ നിലനിൽക്കുന്നു.
4. സ്വച്ച് ഭാരത് അഭിയാൻ,NULM,PMAY,SGRY,സാക്ഷരത ഗ്രാന്റ്,പ്രത്യേക ഗ്രാന്റ് എന്നീ 6 എണ്ണം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നത് 320100100 എന്ന ഒരു സാംഖ്യ കണക്ക് ശീർഷകത്തിലാണ്. പ്രസ്തുത ഫണ്ടുകൾ ഓരോന്നും പ്രത്യേകം ബാങ്ക് അക്കൗണ്ടുകളിലാണ്

സൂക്ഷിച്ചിരിക്കുന്നത്.

5. പ്രത്യേക ഗ്രാന്റായി നിലനിൽക്കുന്ന 64,629/- രൂപ ഏതിനത്തിലുള്ള ഫണ്ടാണ് എന്ന് വ്യക്തമല്ല.
6. മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത വോട്ടിങ്ങ് മെഷീൻ വാടക 50,967/- രൂപ ജി.ഓ. പ്രോജക്ടായി അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാന്റ് പത്രിക/ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ഗ്രാന്റിന്റെ ചെലവിൽ ടി തുകയുടെ കുറവ് പ്രതിഫലിക്കുന്നു.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അലോട്ട്മെന്റ്, ചെലവ് എന്നിവയുടെ അക്കൗണ്ടിങ്ങിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കി നഗരസഭ അന്തിമാനുമതി നല്കിയ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി 28-01-2021 ലെ 80898/20/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം നല്കി.ഇപ്രകാരം അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 263 | 190 | 82516876 | 48215862 | 58.43 |

അംഗീകാരം ലഭിച്ച 263 പ്രോജക്ടുകളിൽ 133 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.130 എണ്ണം പുതിയതും.സ്പിൽ ഓവർ പ്രോജക്ടുകളിൽ 107 എണ്ണവും പുതിയ പ്രോജക്ടുകളിൽ 83 എണ്ണവുമുൾപ്പെടെയാണ് ആകെ നടപ്പിലാക്കിയ 190 പ്രോജക്ടുകൾ.സ്പിൽ ഓവർ പ്രോജക്ടുകളിൽ 26എണ്ണം നടപ്പിലാക്കിയില്ലയെന്നത് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ മുൻഗണനകൾക്ക് പ്രാധാന്യം നല്കുന്നില്ലയെന്ന് വെളിപ്പെടുത്തുന്നു.

പരിസ്ഥിതിസുരക്ഷ, സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കി സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക എന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ മുഖ്യലക്ഷ്യ ത്തോടൊപ്പം ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മനുഷ്യവിഭവശേഷി വികസനം, പരിസ്ഥിതിസംരക്ഷണം, മാലിന്യസംസ്കരണം, അഗതിപുനരധിവാസം, സാമൂഹ്യസുരക്ഷ, ദാരിദ്ര്യനിർമാർജനം എന്നിവയ്ക്കും തുല്യപ്രാധാന്യം കല്പിച്ചിരിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുതകുംവിധം സർക്കാർ വിഭാവനം ചെയ്യുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെയും പഞ്ചവത്സരപദ്ധതിയിൽ സംയോജിപ്പിക്കേണ്ടതുണ്ട്.വാർഷികപദ്ധതിയിൽ പ്രോജക്ടുകൾ തയാറാക്കി നടപ്പിലാക്കുന്നത് മേൽ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിന് സഹായിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് പദ്ധതി ആസൂത്രണ നടപടികളിലൂടെ വാർഷികപദ്ധതി അന്തിമമാക്കുന്നത്.

ആയതിൻ പ്രകാരം പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗങ്ങളിൽ പെട്ടവർ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിങ്ങനെ പ്രത്യേകവിഭാഗങ്ങൾക്കായും, അടിസ്ഥാന സേവനങ്ങളായ കുടിവെള്ളം, ശുചിത്വം, മാലിന്യസംസ്കരണം, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, റോഡുകൾ, എന്നിവയുടെ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായും, ആസ്തി സംരക്ഷണം, സദ്ഭരണം എന്നീലക്ഷ്യപ്രാപ്തിക്കായും ഉള്ള പ്രോജക്ടുകൾ വിവിധനിർവഹണ ഉദ്യോഗസ്ഥർ നിർവഹിക്കുന്നതിനായി വാർഷികപദ്ധതിയിലൂടെ ആവിഷ്കരിച്ചു.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവ്. |
|---|---|---|---|---|
| മെഡി.ഓഫീസർഹോമിയോ | 1 | 1 | 350000 | 350000 |
| കൃഷി ഓഫീസർ | 7 | 6 | 699610 | 438970 |
| സെക്രട്ടറി | 52 | 33 | 26469167 | 14033978 |

| | | | | |
|---|---|---|---|---|
| ഹെഡ് മാസ്റ്റർ, എൽ.പി.സ്കൂൾ | 5 | 1 | 470000 | 197171 |
| വെറ്ററിനറി സർജൻ. | 4 | 1 | 790000 | 50000 |
| പ്രോജക്റ്റ് ഓഫീസർ നഗരദാരിദ്ര്യനിർമാർജന സെൽ | 12 | 4 | 11480000 | 3163357 |
| ഹെഡ് മാസ്റ്റർ,ഹൈസ്കൂൾ | 1 | 1 | 277930 | 277930 |
| മുനിസിപ്പൽ എൻജിനീയർ. | 168 | 132 | 29224123 | 18123684 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 9520726 | 8347776 |
| മെഡി.ഓഫീസർ,പി.എച്ച്.സി | 5 | 5 | 3235320 | 3232996 |
| ആകെ | 263 | 190 | 82516876 | 48215862 |

കാർഷികമേഖലയിൽ ഗ്രോബാഗിൽ പച്ചക്കറി കൃഷി,കിഴങ്ങ് വർഗ്ഗവിള വിത്ത് വിതരണം , ഫലവൃക്ഷത്തൈവിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി.മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ മാത്രമാണ് മൃഗസംരക്ഷണമേഖലയിൽ നടപ്പിലായ ഏക പ്രോജക്റ്റ്. സാമൂഹ്യക്ഷേമ മേഖലയിൽ വയോമിത്രം സാമൂഹ്യസുരക്ഷാവിഹിതം നല്കൽ, ആശ്രയപദ്ധതിക്ക് വിഹിതം, ടോയ് ലറ്റ് മെയിന്റനൻസ്, എസ്.സി, എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്ക് ലാപ് ടോപ്പ്, മെറിറ്റോറിയസ് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി. ഭവനപുനരുദ്ധാരണം, ജനറൽ, എസ്.സി വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നല്കുകയുണ്ടായി. ഇപ്രകാരം വാർഷികപദ്ധതി ലക്ഷ്യങ്ങൾ സാധൂകരിക്കാനുതകുന്ന പ്രോജക്ടുകളിലൂടെ നഗരസഭയിലെ വലിയവിഭാഗം ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ശുചീകരണ സാമഗ്രികൾ വാങ്ങൽ, ഉറവിടമാലിന്യസംസ്കരണത്തിന് ഗാർഹിക ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കൽ, ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റിഗ്യാപ് ഫണ്ട്അനുവദിക്കൽ, തുടങ്ങിയ പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തത് വലിയ പ്രയോജനം നല്കിയിട്ടുണ്ട്. പശ്ചാത്തലമേഖലയിൽ റോഡ് കോൺക്രീറ്റിംഗ് ,ടാറിംഗ് പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. മാർക്കറ്റ് കെട്ടിടം വയറിംഗ്, തൊഴിൽ പരിശീലനകേന്ദ്രം നിർമാണം, നഗരസഭാ ഓഫീസ് പുനരുദ്ധാരണം , ജലസേചനപദ്ധതി പൂർത്തീകരണം തുടങ്ങിയ മറ്റ് പ്രവൃത്തികളും ഏറ്റെടുക്കുകയുണ്ടായി. ആയുർവേദാശുപത്രി, ഹോമിയോ ആശുപത്രി, പി.എച്ച്.സി എന്നിവയിലേക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് പരിചരണം ഉൾപ്പെടെ ആരോഗ്യവിദ്യാഭ്യാസ മേഖലയുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും , വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമത്തിനായുള്ള പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം വാർഷികപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുതകുന്ന പ്രോജക്ടുകളാണ് ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്തത്.

എന്നാൽ പദ്ധതി ആസൂത്രണ, മോണിട്ടറിംഗ് പ്രക്രിയകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലയെന്നത് പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചയാണ്.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്.

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചമൂലം വാർഷിക പദ്ധതിക്കായി ലഭ്യമായ സർക്കാർ ഗ്രാന്റുകൾ ചുവടെ ചേർക്കും പ്രകാരം ലാപ്സായിട്ടുണ്ട്.

| ഫണ്ട് | വരവ് | ചെലവ് | ലാപ്സായത് |
|---|---|---|---|
| വികസനഫണ്ട്,പൊതുവിഭാഗം | 22214447 | 22043449 | 170998 |
| വികസനഫണ്ട്,എസ്.സി.പി | 912000 | 694500 | 217500 |
| വികസനഫണ്ട്,ടി.എസ്.പി | 541000 | 366498 | 174502 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 4350000 | 792930 | 3557070 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 8585998 | 5476447 | 3109551 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 6916000 | 6915900 | 100 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 5039000 | 5001002 | 37998 |
| ആകെ | 48558445 | 41290726 | 7267719 |

നഗരസഭാ കൗൺസിലിന്റെയും ഉദ്യോഗസ്ഥരുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ വാർഷികപദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യപ്രാപ്തിക്ക് അനിവാര്യമാണ്.ആയതിന് പദ്ധതി ആസൂത്രണ നിർവഹണ നടപടികൾ ചിട്ടയായും സമയബന്ധിതമായും നടപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 272 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 61 പദ്ധതികളിൽ 61 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 21181 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 364 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പച്ചക്കറി കൃഷി സ്ഥലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, തോട് വൃത്തിയാക്കൽ, വഴിയരികിൽ വൃക്ഷത്തൈ നടീൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 143,196/- |
| വരവ് | 2020-21 അലോട്ട്മെന്റ് | 7,500,000/- | 7,547,553/- |
| | ബാങ്ക് പലിശ | 47,553/- | |
| | ആകെ വരവ് | 7,547,553/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 7,690,749/- |
| ചെലവ് | വേതനം | 6,304,217/- | 6,764,799/- |
| | സാധന ഘടകം | 56,401/- | |
| | ശമ്പളം(ഭരണച്ചെലവ്) | 400,152/- | |
| | മറ്റു ചെലവ് | 4,029/- | |
| | ആകെ ചെലവ് | 6,764,799/- | |
| നീക്കിയിരിപ്പ് | | | 925,950/- |

നഗരസഭയിലെ വാർഷിക കണക്കിലെ നീക്കിയിരിപ്പും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ 3/- രൂപയുടെ വ്യത്യാസം കാണുന്നു. കേരള ഗ്രാമീൺ ബാങ്കിലെ 40545101025015 നം. അക്കൌണ്ടിലൂടെയാണ് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് വിനിമയം നടത്തുന്നത്. 320809900 കണക്ക് ശീർഷകത്തിലാണ് പ്രസ്തുത ഗ്രാന്റ് അക്കൌണ്ട് ചെയ്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം ഈരാറ്റുപേട്ട നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,661,700/- | 121 |
| തൊഴിൽരഹിത വേതനം | 1,440/- | 1 |
| വിധവാപെൻഷൻ | 9,399,200/- | 649 |
| 50 വയസിലധികം പ്രായമുള്ള | 68,700/- | 5 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| വികലാംഗപെൻഷൻ | 5,897,500/- | 394 |
| വാർദ്ധക്യകാലപെൻഷൻ | 29,650,000/- | 2210 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2022ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 98877/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി വിഭജിച്ച് നൽകുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നിരിക്കിലും നഗരസഭയുടെ ആഭ്യന്തരനിയന്ത്രണം വേണ്ടത്ര മെച്ചപ്പെട്ടിരുന്നില്ലയെന്നാണ് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടത്.
വൗച്ചറുകൾ ക്രമമായി നമ്പരിട്ട് സബ് വൗച്ചറുകളുൾപ്പെടെ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് വസ്തുനികുതിയിലെയും,വാടകയിലെയുമൊക്കെ കുടിശ്ശികകൾ വ്യക്തമാക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ ,വാടക രജിസ്റ്റർ,വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. .നഗരസഭയിലെ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ ഉൾപ്പെടെയുള്ളവയുടെ വിശദാംശങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തേണ്ട ഹാർഡ് വേർ രജിസ്റ്റർ ഉപരി പരിശോധനയില്ലാതെയാണ് സൂക്ഷിച്ചിട്ടുള്ളത്.
സ്റ്റാന്റിംഗ് കമ്മിറ്റികൾ, വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ,പർച്ചേസ് കമ്മിറ്റി,ഗ്രാമസഭ തുടങ്ങി പ്രധാന മീറ്റിംഗുകളുടെ പോലും മിനിറ്റ്സ് കൃത്യമായി തയാറാക്കുന്നില്ല. പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയുംമെച്ചപ്പെടേണ്ടതുണ്ട്. മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് വളരെ മാതൃകാപരമാണ്.വസ്തുനികുതി,കെട്ടിടനിർമാണ പെർമിറ്റ് എന്നിങ്ങനെയുള്ള ഓഫീസ് സെക്ഷനുകളും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതായാണ് ഫയലുകളും രേഖകളും വ്യക്തമാക്കുന്നത്.വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഒട്ടും തന്നെ കാര്യക്ഷമമായില്ല. പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. നഗരസഭാ കൗൺസിലിലെ പ്രശ്നങ്ങളും ആഭ്യന്തരനിയന്ത്രണസംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മയുടെ ആക്കം കൂട്ടി. നിലവിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുന്നതിന്റെ സൂചനകളാണ് നഗരസഭാ പ്രവർത്തനങ്ങളിൽ കാണപ്പെടുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2015-ൽ നഗരസഭയായതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/11/2018 – 12/12/2018 | 2013-14 മുതൽ 2017-18 വരെ | LBA(HQ)II/1 /8A-163 /2017-18 തീയതി 14/01/2019 |

## 1-11 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്കുകളിലെ വിവിധ ആസ്തി-ബാധ്യത ശീർഷകങ്ങളിലെ ഇടപാടുകളുടെ കൃത്യതയും വിശദാംശവും ഉറപ്പാക്കുന്നതിനും ഇടപാടുകൾ നിരീക്ഷിക്കുന്നതിനുമായി സൂക്ഷിക്കുന്ന അടിസ്ഥാനരേഖകളായ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, രേഖപ്പെടുത്തൽ, സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾ നിലനിൽക്കുന്നതിനാൽ വാർഷിക കണക്കുകളിലെ വിവിധ ശീർഷകങ്ങളിലെ ഇടപാടുകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിന്റെ പേര് | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | അപാകത പരിഹരിക്കേണ്ട രീതി/റിമാർക്സ് |
|---|---|---|
| ഡെപ്പോസിറ്റ് രജിസ്റ്റർ | നഗരസഭ ഫണ്ടിലേക്ക് ലഭിക്കുന്ന വിവിധ നിക്ഷേപ തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം വിവിധ ശീർഷകങ്ങളിലെ വർഷാരംഭ മുന്നിരിപ്പിന്റെ വിശദാംശം മുൻവർഷങ്ങളിൽ തിരികെ നൽകാത്ത തുക, ഒടുക്കിയ വ്യക്തി, സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | വിവിധ നിക്ഷേപ തുകകളുടെ മുന്നിരിപ്പ് തുക വിശദാംശം (ഒടുക്കിയ വ്യക്തി/ സ്ഥാപനം, ഒടുക്കിയ തീയതി, ഒടുക്കിന്റെ ഉദ്ദേശ്യം/ പ്രോജക്റ്റ്, രശീത് നം.) എഴുതി സൂക്ഷിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ തുക, തിരികെ നൽകിയ തുക/മുതൽക്കൂട്ടിയ തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| അഡ്വാൻസ് രജിസ്റ്റർ | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ വിവരം രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം(മുന്നിരിപ്പ്, തൻവർഷം നൽകിയത്, ആകെ, ക്രമീകരിച്ച തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| ആസ്തി രജിസ്റ്റർ | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | നഗരസഭ ഉടമസ്ഥതയിലുള്ള എല്ലാ |

| | | |
|---|---|---|
| | | സുസ്ഥിര ആസ്തികളുടെയും പേര്, ഇനം, മൂല്യം, സ്ഥിതിചെയ്യുന്ന സ്ഥലം, ആസ്തി നമ്പർ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. വിവിധ പ്രോജക്ടുകളിലൂടെ ആസ്തിയുടെ മൂല്യം വർദ്ധിക്കുന്നതും കാലപ്പഴക്ക മൂല്യശോഷണവും കൃത്യമായി കാലികമാക്കേണ്ടതാണ്. |
| സ്റ്റോക്ക് രജിസ്റ്റർ | നഗരസഭയിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | നഗരസഭയിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിമയം ക്രമീകരിക്കേണ്ടതാണ്. |
| റിക്കവറി രജിസ്റ്റർ | റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിശദാംശം (ഒടുക്കിയ വ്യക്തി, ഒടുക്കിയ ഇനം, തുക, രസീത് നം., തീയതി, ഒടുക്കിയ വ്യക്തിയുടെ ഉദ്യോഗപ്പേര്) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |
| ഡി.സി.ബി. രജിസ്റ്റർ | തൊഴിൽ നികുതി(ട്രേഡർ/സ്ഥാപനം), വാടക, ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | നഗരസഭയിലെ സ്ഥാപന ട്രേഡർ ലിസ്റ്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പ്രോഗ്രസീവായി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ആകെ തുക കണക്കാക്കി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിൽ സ്ഥാപന/ട്രേഡറുടെ പേര്, വിലാസം, സ്ഥാപനത്തിന്റെ പേര്, വാർഡ്, കെട്ടിട നം. എന്നിവ |

| | | |
|---|---|---|
| | | ചേർക്കേണ്ടതാണ്. |
| കുടിശിക ഡിമാന്റ് രജിസ്റ്റർ | തൊഴിൽ നികുതി(ട്രേഡർ/സ്ഥാപനം), വാടക, ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തുകകളുടെ ഒടുക്ക് രേഖപ്പെടുത്തേണ്ടതാണ്. ദീർഘകാല കുടിശികകളിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. |
| സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ | GST, Library Cess, Income Tax ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും ഒടുക്കേണ്ട തുകകൾ പഞ്ചായത്തിൽ ബാധ്യതയായി സ്വീകരിക്കുന്നതിന്റെ(GST, Library Cess, Income Tax Etc.) ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |
| പെർമിറ്റ് രജിസ്റ്റർ | ബിൽഡിങ്ങ് പെർമിറ്റ് ലഭിച്ച കെട്ടിടം ഒക്യുപ്പൻസി നൽകി നമ്പരിടുമ്പോൾ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. | ഒക്യുപ്പൻസി നൽകി നമ്പരിടുമ്പോൾ പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |

നഗരസഭ വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. മേൽവിവരിച്ച എല്ലാ രജിസ്റ്ററുകളും കൃത്യമായ എൻട്രികൾ വരുത്തി 2019-20, 2020-21 വർഷത്തേത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-12 ഡിമാന്റ് ഡ്രാഫ്റ്റ് കാലാവധിക്കുശേഷവും പണമാക്കാതെ അവശേഷിക്കുന്നു

ഈരാറ്റുപേട്ട നഗരസഭയിലെ സാംഖ്യ രസീതുകൾ പ്രകാരമുള്ള പണം വരവ്, അവയുടെ ഒടുക്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഈരാറ്റുപേട്ട ശാഖയിലെ 67289530430 നമ്പർ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികകൾ എന്നിവ പരിശോധിച്ചതിൽ 20.05.2021 ൽ നഗരസഭയിൽ ലഭ്യമായ ഡിമാന്റ് ഡ്രാഫ്റ്റ് നം. 161091 തീയതി. 09.05.2018 (തുക. 15000/- രൂ) നിലവിൽ പണമാക്കാതെ Cheque Deposited But Not Collected എന്ന ഹെഡിൽ അവശേഷിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/18.01.2022) കോട്ടയം നഗരസഭയിൽ നിന്നും ഈരാറ്റുപേട്ട നഗരസഭയിലേക്ക് സ്ഥലംമാറ്റം ലഭിച്ച ശ്രീമതി. സീന ബഷീർ, സീനിയർ ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് 15000/- രൂ ഡി ഡി നം. 161091 തീയതി. 09.05.2018 ആയി കോട്ടയം നഗരസഭയ്ക്ക് അയയ്ക്കുകയും എന്നാൽ കോട്ടയം നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കാതെ 20.03.2021 ലെ എ7-7173/20 നമ്പർ കത്ത് പ്രകാരം കാലാവധി പുതുക്കുന്നതിനായി തിരികെ ലഭ്യമാക്കിയെന്നും രസീത് നം. 12116090006 തീ. 27.03.2021 പ്രകാരം ആയത് വരവായി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശമനുസരിച്ച് മേൽ ഡി ഡി തുക അക്കൗണ്ടിലേക്ക് റീ ക്രെഡിറ്റ് ചെയ്യുന്നതിന് 18.01.2022ൽ ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ

സൂചിപ്പിച്ചിട്ടുണ്ട്. തുക ബാങ്കിൽ ക്രെഡിറ്റ് ആകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഒടുക്കുന്നില്ല

നഗരസഭയുടെ സഞ്ചയ വസ്തുനികുതി ഡാറ്റാബേസ് പ്രകാരം നാളിതുവരെ 7 കെട്ടിടങ്ങളാണ് അനധികൃത നിർമ്മാണങ്ങളായി(Unauthorised Building) ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ 2016-17 ആദ്യ അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ കെട്ടിടനികുതി നാളിതുവരെ ഒരു അർദ്ധവർഷത്തേതു പോലും ഈടാക്കിയതായി കാണുന്നില്ല. നിയമാനുസൃതമല്ലാത്ത കെട്ടിടമായതിനാൽ നികുതിയുടെ മൂന്ന് മടങ്ങാണ് വസ്തുനികുതി നിർണ്ണയിച്ചിരുന്നത്.

| കെട്ടിട നം. | ഉടമ | കെട്ടിട ഉപയോഗക്രമം | വാർഷിക വസ്തുനികുതി+ ലൈബ്രറി സെസ്സ് | സഞ്ചയ പ്രകാരം കുടിശിക(2021-22) |
|---|---|---|---|---|
| XXVIII/16/UA1 | മാനേജർ, സെന്റ് ജോർജ് HSS, അരുവിത്തുറ | വിദ്യാഭ്യാസം (ച.മീറ്ററിന് 15/- രൂപ ) | 102,600/-<br>5,130/- | 592,515/- |
| XXVIII/119/UA1 | മാനേജർ, സെന്റ് മേരീസ് LPS, അരുവിത്തുറ | | 10,560/-<br>528/- | 66,528/- |
| ആകെ കുടിശിക | | | | 659,043/- |

അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശിക 6.6 ലക്ഷത്തോളം രൂപ 5 വർഷത്തിലധികരിച്ചിട്ടും ഈടാക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുള്ള വീഴ്ചയാണ്.

കൂടാതെ അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ നഗരസഭ 27-ാം വാർഡിലെ XXVII/16/UA1 നമ്പറിലുള്ള മാനേജർ, സെന്റ് ജോർജ് HSS, അരുവിത്തുറ ഉടമയായുള്ള കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന് സഞ്ചയയിൽ കാണുന്നു. നഗരസഭയുടെ 28 വാർഡുകളിലും അനധികൃത നിർമ്മാണങ്ങൾ നിലവിലും നിലനിൽക്കുന്നുണ്ടോയെന്നുള്ള പരിശോധന നടത്തിയതായും കാണുന്നില്ല. സഞ്ചയയിൽ ഉൾപ്പെടാത്ത അനധികൃത നിർമ്മാണങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നും വ്യക്തമല്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.16/2020-21/12.01.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. അനധികൃത നിർമ്മാണങ്ങൾ നഗരസഭയിൽ നടന്നിട്ടുണ്ടോ എന്ന് ബന്ധപ്പെട്ടവർ സ്ഥലപരിശോധന നടത്തേണ്ടതാണ്. നികുതി നിർണ്ണയം നടത്താതെ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മേൽപട്ടികയിൽ വിവരിച്ച കെട്ടിടങ്ങളുടെ നാളിതുവരെയുള്ള കുടിശിക നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 153,340/- രൂപയുടെ അക്രൂവൽ വരവിനം കുടിശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കി

2020-21 വർഷം 431300299-Receivables For Other Fees(Arrears) ശീർകത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 153,340/- രൂപ 2020-21 വർഷം ജേർണൽ 01/04/2020 ലെ 42000182 നം. ജേർണൽ വൗച്ചറിലൂടെ Prior Period Item ആയി ക്രമീകരിച്ച് ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ ലഭ്യമല്ല. ഏത് ഇനത്തിലുള്ള വരവാണെന്നും വ്യക്തതയില്ല. സർക്കാർ അനുമതിയില്ലാതെ 5,000/- രൂപയിൽ അധികമായ തുക ഡിമാന്റിൽ നിന്ന് ഒഴിവാക്കാൻ

പാട്ടുള്ളതല്ല. കൃത്യമായ രേഖകളുടെ അഭാവത്തിലും സർക്കാർ അനുമതിയില്ലാതെയും 153,340/- രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/2020-21/20.01.2022) മുൻവർഷങ്ങളിലെ അക്കൗണ്ടിങ്ങ് അപാകത മൂലമാണ് പ്രസ്തുത ഡിമാന്റ് തുക വാർഷിക കണക്കിൽ നിലനിൽക്കുന്നതെന്നും വരവിനം ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് സർക്കാർ അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കി. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ തുക ഏതിനത്തിലുള്ള വരവാണ് എന്ന് കണ്ടെത്തി ആയത് ഒഴിവാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 അക്രുവൽ വരവുകൾ-96 ലക്ഷം കുടിശിക- കുടിശികയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

വസ്തുനികുതി, സ്ഥാപന തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക ഇനങ്ങളിൽ 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്രുവൽ വരവിനം ലഭിക്കാനുള്ളത് | ലഭിക്കാനുള്ള തുക |
|---|---|---|
| 1. | വസ്തുനികുതി 2020-21 | 7,033,870/- |
| 2. | വസ്തുനികുതി കുടിശിക 31/03/2020 വരെ | 245,629/- |
| 3. | സ്ഥാപന തൊഴിൽ നികുതി 2020-21 | 437,104/- |
| 4. | ലൈസൻസ് ഫീസ് 2020-21 | 288,327/- |
| 5. | ലൈസൻസ് ഫീസ് കുടിശിക 31/03/2020 വരെ | 828,526/- |
| 6. | കെട്ടിട വാടക 2020-21 | 474,503/- |
| 7. | കെട്ടിട വാടക കുടിശിക 31/03/2020 വരെ | 300,656/- |
| ആകെ | | 9,608,615/- |

വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, മറ്റ് വിശദാംശങ്ങൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ വിവരിക്കുന്നു.

1. വസ്തുനികുതി സഞ്ചയ ഡേറ്റാബേസ് പ്രകാരമുള്ള ഡി.സി.ബി. കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വർഷത്തെയും ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്രുവൽ ചെയ്യുന്നില്ല.
2. സ്ഥാപന തൊഴിൽ നികുതി 437,104/- അവശേഷിക്കുന്നത് നികുതി സ്ലാബുകൾ പ്രകാരം 10 ന്റെ ഗുണിതമായ തുകയല്ല. ഏതെല്ലാം സ്ഥാപനങ്ങൾ, ട്രേഡർമാർ ആണ് നികുതി ഒടുക്കാൻ അവശേഷിക്കുന്നത് എന്ന് രജിസ്റ്ററിൽ ലഭ്യമല്ല.
3. ലൈസൻസ് ഫീസ് തൻവർഷം ഒടുക്കാനുള്ളവരുടെ വിശദാംശം ലഭ്യമല്ല.
4. 31/03/2020 വരെ 8.29 ലക്ഷം ഒടുക്കാനുള്ള സ്ഥാപനങ്ങൾ, കാലയളവ് എന്നിവയുടെ ലിസ്റ്റ് ഉൾപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 31/03/2020 വരെ കെട്ടിട വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ വിവരം, കുടിശിക കാലയളവ് എന്നിവ ലിസ്റ്റ് ചെയ്ത് കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

അക്രുവൽ വരവിനങ്ങളുടെ കൃത്യമായ ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായി ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചെങ്കിൽ മാത്രമേ വരവിനങ്ങൾ കൃത്യമായി ഈടാക്കുന്നതിന് സാധിക്കുകയുള്ളൂ. കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ ഒടുക്കാനുള്ള വ്യക്തി, സ്ഥാപനത്തിന്റെ വിവരം, കാലയളവ് തുടങ്ങിയ എല്ലാ വിശദാംശങ്ങളും തയ്യാറാക്കി കുടിശിക ഈടാക്കേണ്ടതാണ്. സഞ്ചയ വസ്തുനികുതി ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി കൃത്യമായ ഡിമാന്റ് തുക അക്കൗണ്ട് ചെയ്യേണ്ടതാണ്. 31/03/2021 വരെയുള്ള കുടിശിക ഈടാക്കി ആയതിന്റെ വിശദാംശവും ബന്ധപ്പെട്ട രജിസ്റ്ററുകൾ,ഡി.സി.ബി. എന്നിവയും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ഈരാറ്റുപേട്ട നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | റോയൽ ബേക്കറി | 2 |
| 2 | അൽ മാനാർ പബ്ലിക് സ്കൂൾ | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/07.01.2022) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-17-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ഈരാറ്റുപേട്ട നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ജോർജിയൻ കോളേജ് | 1, 2 |
| 2 | അൽ മാനാർ പബ്ലിക് സ്കൂൾ | 1, 2 |
| 3 | സെന്റ് അൽഫോൺസാ പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/17.01.2022) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-17-2 കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ -ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു നഗരസഭാ പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവടങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2019-20, 2020-21 വർഷം ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18-1 ലൈസൻസില്ലാതെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം നഗരസഭാപരിധിയിൽ വ്യാപാര,

വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ തരം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 3570 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 804 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 4 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 151 |
| അസംബ്ലി കെട്ടിടം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 391 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 7 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 26 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 47 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 103 |
| ആകെ | 5103 |

സഞ്ചയയിലെ വിശദാംശം പ്രകാരം നഗരസഭാ പരിധിയിൽ 5103 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണയിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ 2019-20 വർഷം 647 സ്ഥാപനങ്ങൾക്കും 2020-21 വർഷം 726 സ്ഥാപനങ്ങൾക്കും മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. നഗരസഭാപരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ പുതുക്കിയ വാർഡ് അടിസ്ഥാനത്തിലല്ല ലൈസൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. പുതുക്കിയ വാർഡിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-18-2 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ലൈസൻസ് ഫീസ് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. റേഷൻ കടകളെ 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 72 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 154 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് നഗരസഭയുടെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ

പതിപ്പിക്കേണ്ടതാണ്.

1-18-3 തടി മില്ലുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 168 എന്നിവ പ്രകാരം ലൈസൻസ് ഇല്ലാതെ തടി മില്ലുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തടി മില്ലുകൾ എന്ന ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ 2020-21 വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | VIII/338 A | ഷാജി മുഹമ്മദ് റാവുത്തർ ചെറിയവല്ലത്ത് |
| 2 | XX/2035 | ഈപ്പൻ കെ മാൻകുന്നം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/19.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തടി മില്ലുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 വാടക ബൈലോ തയ്യാറാക്കി കരാർ നടപടികൾ സ്വീകരിച്ചിട്ടില്ല

നഗരസഭയുടെ കെട്ടിടമുറികൾ വാടകയ്ക്ക് നല്കുന്നതു സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോപ്ലക്സുകളിൽ പ്രവർത്തിക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരുമായി മതിയായയ വ്യവസ്ഥകളും ഉപാധികളും ഉൾപ്പെടുത്തി കരാർ ചമക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ വാടക ബൈലോ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത വാടകക്കാരുമായി വ്യക്തമായ ഉപാധികളും വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ലെന്നു കാണുന്നു. താഴെ കൊടുത്തിട്ടുള്ള വാടകക്കാർക്ക് കരാർ ചമയ്ക്കാതെയാണ് മുറികൾ നൽകിയിട്ടുള്ളത്.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | മുറി നം. | വാടകക്കാരന്റെ പേര്, വിലാസം | പ്രതിമാസ വാടക |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 6 | സോജൻ .റ്റി.തോമസ് | 6141 |
| 2 | | 7 | ഹഫീസ് .എം.സി | 6141 |
| 3 | | 8 | ജോബി ജോസഫ് | 6114 |
| 5 | | 10 | പി.ജെ.ജോൺസൻ | 3909 |
| 6 | | 14 | സൽജാം മുഹമ്മദ് | 3909 |
| 7 | | 15 | സൽജാം മുഹമ്മദ് | 3909 |
| 8 | | 17 | നിയാസ് -വെള്ളൂപ്പറമ്പിൽ | 3909 |
| 9 | | 18 | ഒ.എ. നജീബ് | 3909 |
| 10 | | 19 | ജോമി ജോസഫ് | 1676 |
| 11 | | 20 | ജോസ് -തെക്കേൽ | 1676 |
| 12 | | 21 | പി.എം.സവദ് | 1676 |
| 13 | | 22 | ജോർജ്.റ്റി.ജെ | 1676 |
| 14 | | 23 | അനസ്.പി.പി- | 1676 |

| | | | | |
|---|---|---|---|---|
| | | | പുത്തൻപറമ്പിൽ | |
| 15 | | 24 | റെജി.പി.എം-പടിക്കമറ്റത്തിൽ | 1676 |
| 16 | | 25 | പ്രിൻസി ജോർജ് | 1676 |
| 17 | | 30 | അഭിലാഷ്.കെ.മാത്യു | 1676 |
| 18 | | 32 | കെ.എസ്.മുഹമ്മദ് ബഷീർ | 1676 |
| | | 33 | ജോർജ്.റ്റി.എ | 1676 |
| | | 36 | നിയാസ്.വി.എ | 1676 |
| | | 37 | സ്വാലിഹ് | 3909 |
| | | 38 | എ.കെ.അബ്ദുൾ കാദർ | 6141 |
| | | 39 | ഹഫീസ് .എം.ഇ | 2233 |
| | | 40 | ഷീബാമോൾ | 5025 |
| 14 | വനിതാ ഉൽപ്പന്ന വിതരണ കേന്ദ്രം | 4/405 A | ഉമ്മർ-മറ്റക്കാട് | 4682 |
| 15 | | 4/405 B | നജ്മ സെയ്ദ് | 4682 |
| 16 | | 4/405 D | ഷെറീഫ് കാസിം | 4682 |
| | | 4/405 E | ബഷീർ.ഇ.പി | |
| 17 | | 4/405 G | റസിയ.എം.ഷെറീഫ് | 5192 |

കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെ വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ വാടകക്കാർക്കെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കാനും സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തര ഇടപെടൽ നടത്തി എല്ലാ കെട്ടിടങ്ങളെയും കരാറിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

1-20 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ഒഴിവായി കിടക്കുന്നു. ലേലം ചെയ്തു നൽകാത്തതിനാൽ നഗരസഭയ്ക്കു വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ/മുറികൾ വാടകക്ക് പോകാതെ ഒഴിവായി കിടക്കുന്നതായി ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് ഷോപിംഗ് കോംപ്ലക്സ്

നഗരസഭയുടെ ഹൈജീനിക് മാർക്കറ്റ് കോപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ആകെ 21 മുറികളുള്ള മാർക്കറ്റ് കോംപ്ലക്സിൽ 2020-21 സാമ്പത്തിക വർഷം ആകെ നാലുമുറികൾ ലേലനടപടികൾ പൂർത്തിയായി വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും നിലവിൽ ടി കെട്ടിട മുറികളും ഒഴിഞ്ഞുകിടക്കുകയാണ്. മാർക്കറ്റ് കോംപ്ലക്സും പരിസരവും വളരെ ശോചനീയമായ അവസ്ഥയിലാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നതെന്ന് ഭൗതീക പരിശോധന വേളയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. മുറികളുടെ ഷട്ടറുകൾ തുരുമ്പിച്ച് തുറക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കോംപ്ലക്സിന്റെ പരിസരം മാലിന്യക്കൂമ്പാരമാണ്, കൂടാതെ മാർക്കറ്റ് കോംപ്ലക്സിന്റെ ചുറ്റുമതിൽ സ്വകാര്യ വ്യക്തി പൊളിച്ച് കൈയ്യേറിയ നിലയിലുമാണുള്ളത്. ഭീമമായ തുക ചെലവഴിച്ച 2017 വർഷം നിർമ്മാണം പൂർത്തീകരിച്ച മാർക്കറ്റ് ഇത്തരത്തിൽ ഉപയോഗ ശൂന്യമായി സൂക്ഷിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ആകെ 21 മുറികളുള്ള കോംപ്ലക്സിന്റെ ഒരുമുറി എൻ.യു.എം.എൽ ന്റെ പ്രവർത്തനത്തിനായി വിട്ടു നൽകിയിരിക്കുകയാണ്. നഗരത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ടി കെട്ടിടം വാടകയ്ക്ക് നൽകിയാൽ നഗരസഭയുടെ തനത് വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്. ആയതിനാൽ തുടർ വർഷങ്ങളിൽ ടി കെട്ടിട മുറികൾ ലേലം

ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

2. പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1 | റൂം നം. 29 | ആർ.ഐ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി മുറി വാടകയ്ക്ക് കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് |
| 2 | റൂം നം. 31 | |
| 3 | റൂം നം. 35 | |
| 4 | റൂം നം. 41 | |
| 5 | റൂം നം. 42 | |
| 6 | റൂം നം. 43 | |

ടി മുറികൾ എല്ലാം നിലവിൽ ഒഴിഞ്ഞ് കിടക്കുകയാണ്.

3.കടുവാമൂഴി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | കെട്ടിടത്തിന്റെ വിവരം |
|---|---|
| 1 | , റൂം A |
| 2 | റൂം B |
| 3 | റൂം C |
| 4 | റൂം E |
| 5 | റൂം F |
| 6 | റൂം G |

കടുവാമൂഴി പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മേൽപ്പറഞ്ഞ മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അഗ്രി ഹുണാർ ഹബ്, മൾട്ടി പർപ്പസ് ഹുണാർ ഹബ് എന്നിവ സ്ഥാപിക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷ ക്ഷേമമന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും 3.24 കോടി രൂപ നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതുമാണ് എന്ന മറുപടിയാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 2) മറുപടി ലഭിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ വിഭാവനം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലായെന്ന് ഭൗതീക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

നഗരസഭയുടെ മേൽപ്പറഞ്ഞ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി നിരവധി കെട്ടിടമുറികൾ ഒഴിവായി കിടക്കുന്നതിനാൽ തനത് വരുമാനത്തിൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ടി കെട്ടിട മുറികൾ ലേലം ചെയ്ത് കൊടുക്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

1-21-1 വാടക കുടിശ്ശിക - കാലങ്ങളായി ഈടാക്കിയിട്ടില്ല

1. ഈരാറ്റുപേട്ട നഗരസഭയുടെ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോപ്ലക്സിലെ റൂം നമ്പർ 29, 31, 35, 41, 42, 43 എന്നീ കടമുറികളുടെ വാടക കാലങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ളതിനാൽ ടി മുറികൾ 2016-17സാമ്പത്തിക വർഷം മുതൽ നഗരസഭ പൂട്ടിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും കുടിശ്ശിക തുക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | വാടകക്കാർ |
|---|---|
| 29 | സജ്ന സാജൻ, കൊന്നച്ചാടത്ത് |
| 31 | ജോവമ്മ ജോസഫ്, മഴവന്നൂർ-പൂഞ്ഞാർ |

| | |
|---|---|
| 35 | പ്രസിഡന്റ് ,<br>സ്വതന്ത്ര തൊഴിലാളി യൂണിയൻ |
| 41 | പ്രസിഡന്റ്/സെക്രട്ടറി-ഫെയ്സ് |
| 42 | യഹിയ,കൊച്ചേപ്പറമ്പിൽ |
| 43 | സിദ്ധിക്ക്,കണ്ടൻകുളം |

ടി വ്യക്തികൾ 2017-18 വരെ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മേൽപ്പറഞ്ഞ കെട്ടിട മുറികൾ കൈവശം വെച്ചിരുന്നു. വാടക കുടിശ്ശിക അടവാക്കാത്തതിനാലാണ് കെട്ടിടമുറികൾ നഗര സഭ ഒഴിപ്പിച്ചത്. രജിസ്റ്ററുകൾ പരിശോധിച്ചതിൽ വാടകക്കാർ കുടിശ്ശികയായി അടവാക്കേണ്ട തുക രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോരുത്തരും കുടിശ്ശികയായി അടവാക്കേണ്ട തുക എത്രയെന്നും ആയത് ഈടാക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-4) ക്ക് പരാമർശിത കെട്ടിടങ്ങൾ പഞ്ചായത്ത് കാലഘട്ടത്തിൽ കൈമാറ്റം ചെയ്തിട്ടുള്ളതാണെന്നും എഗ്രിമെന്റ് ,സെക്യൂരിററി ഡെപ്പോസിറ്റ് തുടങ്ങിയ വിവരങ്ങളും വ്യക്തികളുടെ / സ്ഥാപനങ്ങളുടെ മേൽവിലാസം എന്നിവയൊന്നും തന്നെ ലഭ്യമല്ലാത്തതിനാൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ലാ എന്നുള്ള വിവരമാണ് മറുപടിയായി നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കതക്കതല്ല. മേൽപറഞ്ഞ മുറികളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ഭീമമായ തുകയാണ് ലഭിക്കുവാനുള്ളത്. ആയതിനാൽ മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുക പിഴപലിശ ഉൾപ്പെടെ കണക്കാക്കി ഈടാക്കേണ്ടതാണ്.

2. വാടക കുടിശ്ശിക ലഭിക്കുവാനുള്ള മറ്റു കടമുറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (മുനിസിപ്പൽ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്)

| റൂം നമ്പർ | ഉടമ | കുടിശ്ശിക തുക |
|---|---|---|
| 20 | ജോസഫ് തെക്കേൽ | 15084 |
| 21 | പി.എം.സവാദ് | 23317 |
| 23 | അനസ് പി.പി | 10056 |
| 26 | സാബു മാത്യൂ | 1676 |
| 40 | ഷീബ മോൾ | 500 |

നഗരസഭയ്ക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടതാണ്. കുടിശ്ശിക ഈടാക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ ടി വ്യക്തികളെ ഒഴിവാക്കി മുറികൾ ലേലം ചയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21-2 വാടക ഈടാക്കിയിട്ടില്ല.

നഗരസഭയുടെ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ വിവിധ കടമുറികളിൽ നിന്നും 2020-21 വർഷം വാടക പൂർണ്ണമായും ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | ഉടമ | വാടക ഈടാക്കാനുള്ള കാലയളവ് | നിശ്ചയിച്ച വാടക(ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 20 | ജോസ് തെക്കേൽ | 04/20, 07/20 മുതൽ 03/21 വരെ | 1978 |
| 21 | പി.എം.സവാദ് | 04/20 മുതൽ 03/20 വരെ | 1978 |
| 24 | റെജി.പി.എം | 10/20മുതൽ | 978 |

| | | | |
|---|---|---|---|
| | | 03/20 വരെ | |

പരാമർശിത കെട്ടിട മുറികളുടെ വാടക ഇനത്തിൽ ഈടാക്കുവാനുള്ള തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-22 പേഴുംകാട്ടിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-ലേലം ചെയ്ത് നൽകിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള പേഴുംകാട്ടിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 2019-20 സാമ്പത്തിക വർഷം ലേല നടപടികൾ സ്വീകരിച്ച് മുഹമ്മദ് ഫൈസൽ കുന്നപറമ്പിൽ എന്ന വ്യക്തിക്ക് നൽകിയിട്ടുള്ളതായിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷം ലേല നടപടികൾ സ്വീകരിച്ചിട്ടില്ല . പേഴുംകാട്ടിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആറ്റു പുറമ്പോക്കിലെ അനധികൃത നിർമ്മാണമാണെന്നും ലേല നടപടികൾ നടത്തരുതെന്നും മീനച്ചിൽ തഹസീൽദാർ രേഖാമൂലം അറിയിച്ചിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-5/06.01.22) ബഹു.ഹൈക്കോടതിയുടെ Wp(c)32542/16 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ ആറ്റുപുറമ്പോക്ക് കയ്യേറി അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ ലേല കാലാവധി 31.03.2020 ന് അവസാനിച്ച ശേഷം കെട്ടിടം പുനർലേലം നടത്തരുതെന്നാവശ്യപ്പെട്ട് മീനച്ചിൽ തഹസിൽദാർ (കത്ത് നം. ഡി 3-16291/2003/17.01.2020) അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടം 2020-21 സാമ്പത്തിക വർഷം ലേലത്തിലുൾക്കൊള്ളിക്കാത്തതെന്ന മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ സീരിയൽ നമ്പർ (2) വാല്യം 1412 ൽ പ്രസ്തുത വസ്തു പഞ്ചായത്തിന്റെ അസ്തിയായി (അസറ്റ് നമ്പർ-15350010400000002) രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം വരെ പഞ്ചായത്ത് കൈവശം വെച്ചിരുന്ന കെട്ടിടം ആറ്റു പുറമ്പോക്ക് കൈയ്യേറി അനധികൃതമായി പണിത കെട്ടിടമായി റവന്യൂ വകുപ്പ് ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇതു സംബന്ധിച്ച് മീനച്ചിൽ തഹസിൽദാർ നൽകിയ മേൽ നമ്പർ ഉത്തരവ് മാത്രമാണ് നഗരസഭ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. നഗരസഭയുടെ കൈവശം ഉണ്ടായ ഭൂമി ഏതു സാഹചര്യത്തിലാണ് റവന്യൂ വകുപ്പ് ഏറ്റെടുത്തിട്ടുള്ളത് എന്നതിന് വിശദീകരണം നൽകിയിട്ടില്ല. ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നഗരസഭസഭയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-23 ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം കാലികമാക്കിയിട്ടില്ല

ഈരാറ്റുപേട്ട നഗരസഭയുടെ 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം 20 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ആസ്തി ഉള്ളതായി കാണുന്നു(കണക്ക് ശീർഷകം-420500100). 04/03/2016 ലെ സ.ഉ.(സാധാ) നം.1126/2016/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയതിൻ പ്രകാരമാണ് നഗരസഭ ഷെയർ വാങ്ങിയത്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 46(3) പ്രകാരം CLEAN KERALA COMPANY LIMITED ലഭ്യമാക്കിയ ഷെയർ സർട്ടിഫിക്കറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഷെയർ നൽകിയ കമ്പനി | CLEAN KERALA COMPANY LIMITED |
| കമ്പനി കോർപ്പറേറ്റ് ഐ.ഡി. | U90000KL2013SGC035624 |
| ഷെയർ ലെഡ്ജർ ഫോളിയോ | N-18 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 54 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 2000 എണ്ണം |
| ഷെയർ ഡിസ്റ്റിങ്റ്റീവ് നം. | 91516 മുതൽ 93515 വരെ |
| ഷെയർ എടുത്ത തീയതി | 26/12/2016 |
| 26/12/2016-ലെ ഷെയർ മൂല്യം | 20 ലക്ഷം രൂപ |

26/12/2016 തീയതിയിൽ 20 ലക്ഷം രൂപ മൂല്യമുണ്ടായിരുന്ന ഷെയർ 4 വർഷത്തിന് ശേഷവും അതേ മൂല്യത്തിൽത്തന്നെ നിൽക്കുന്നതായി 31/03/2021 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. 2019-20, 2020-21 വർഷങ്ങളിലായി ആകെ 2019-20 ൽ 1,500/- രൂപ മാത്രം ഡിവിഡന്റായി ലഭിച്ചതായി ധനകാര്യ

പത്രികയിൽ കാണുന്നു. ഡിവിഡന്റ് ലഭിച്ചത് ഷെയറിന്റെ ആസ്തിമൂല്യത്തിലെ വർദ്ധനവാണ് സൂചിപ്പിക്കുന്നത്. എന്നാൽ 2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2020-21 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല.

ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക(Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും 31/03/2021 വരെയുള്ള ഷെയർ വാല്യൂ പത്രിക കമ്പനിയിൽ നിന്ന് ലഭ്യമാക്കി ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/2020-21/05.01.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഷെയർ വാല്യൂ പത്രിക ലഭ്യമാക്കി ആസ്തിമൂല്യം കാലികമാക്കുന്നതാണ് എന്നറിയിച്ചു. ഷെയറിന്റെ മൂല്യം കൃത്യമായി ലഭ്യമാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്. നിലവിലെ ഷെയർ വാല്യൂ പത്രികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

## 1-24 സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല.

നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ പ്രവർത്തിക്കുന്ന കടമുറികളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല. 2020-21 വർഷം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന 4 കടമുറികളിൽ നിന്നും മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളത്. മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം, എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന കടമുറികളിൽ ഒന്നും തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റായി തുക ഈടാക്കിയിട്ടില്ല. ആയതിനാൽ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-3) ക്ക് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെ കടമുറികൾ നൽകുന്നത് നഗരസഭയുടെ ഉത്തമ തൽപ്പര്യത്തിന് ഹിതകരമല്ല. ആയതിനാൽ അടിയന്തിരമായി വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി നഗരസഭയുടെ ഉടസസ്ഥയിലുള്ള വാടകയ്ക്ക് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ബാലസഭയ്ക്ക് വിഹിതം നല്കൽ - ബാലസഭ പ്രവർത്തനങ്ങൾ നടന്നില്ല

സെക്രട്ടറി നടപ്പാക്കിയ 2020-21ലെ 5ാം നമ്പർ പ്രോജക്ട് പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കുള്ള വിഹിതമായി പൊതുവിഭാഗം വികസനഫണ്ട് 50000/രൂപ ട്രഷറിബിൽ നം.9/20-21/26-08-2020 മുഖേന കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്കിലെ 40545100002199 നമ്പർ അക്കൗണ്ടിലേക്ക് നല്കി. എന്നാൽ കോവിഡിന്റെ സാഹചര്യത്തിൽ ബാലസഭാ പ്രവർത്തനം നടക്കുകയുണ്ടായില്ല. ബാലസഭാ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ 50000/രൂ സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വികസനഫണ്ട് തിരിച്ചടവാക്കാത്ത പക്ഷം ചെലവ് നിരാകരിക്കുന്നതും നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതുമാണ്. വികസന ഫണ്ട് പിൻവലിച്ച് നഗരസഭാ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നത് തെറ്റായ നടപടിയാണ്.

## 1-26 ഭവനപുനരുദ്ധാരണം (എസ്.ടി) -പണികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ 155/21 നം. ഭവനപുനരുദ്ധാരണം (എസ്.ടി) എന്ന പ്രോജക്ട് പ്രകാരം മോളി ദേവസ്യ, ഉണ്ടിയിൽ, അരുവിത്തുറ എന്നയാൾക്ക് വികസനഫണ്ടിൽ നിന്ന് 25000/രൂപ മുൻകൂറായി 67312744371 നം.അക്കൗണ്ടിലേക്ക് നല്കി. (ട്രഷറി ബിൽ 34/20-21/28-03-21). ഫയൽ പരിശോധിച്ചതിൽ നിലവിലുള്ള വീടിന്റെ വിവരം, എസ്.ടി വിഭാഗമാണെന്നു സംബന്ധിച്ച സർട്ടിഫിക്കറ്റ് തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. നാളിതുവരെ വീട് പൂർത്തീകരിച്ച വിവരം ഇല്ല. മതിയായ രേഖകളില്ലാതെ മുൻകൂർ തുക നല്കിയത് തെറ്റായ നടപടിയാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത

സാഹചര്യത്തിലും മതിയായ രേഖകളുടെ അഭാവത്തിലും മേൽ പ്രോജക്റ്റിനായുള്ള 25000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 എസ്.സി കുടുംബങ്ങൾക്ക് വീട് വയറിംഗിന് ധനസഹായം-കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകളില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 232/21 നമ്പർ പ്രോജക്റ്റ് പ്രകാരം സാബു.ടി.എൻ, നീണ്ടൂക്കുന്നേൽ, രാജേന്ദ്രൻ.പി.കെ പേഴുംകാട്ടിൽ എന്നിവർക്ക് വീട് വയറിംഗ് നടത്തിയതിന് 9000/രൂപ വീതം അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്. (ട്രഷറി ബിൽനം.38/31-03-2021, 18000/) സബ്സിഡി മാർഗരേഖ ഉത്തരവ് നം.22/2018/തസ്വഭവ തീയതി 14-02-2018 അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ ഡി.ഡി അടച്ച് രസീത് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നല്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം രസീത് ഇല്ലാതെയാണ് സബ്സിഡി അക്കൗണ്ടിലേക്ക് നല്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി അംഗീകരിക്കത്തക്കതല്ല. ഇലക്ട്രിസിറ്റി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്ത് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കിയതിന്റെ മതിയായ തെളിവുകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 18000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശ്വസനീയമായ തെളിവുകൾ ലഭ്യമാക്കാത്ത പക്ഷം, ചെലവ് നിരാകരിക്കുന്നതും തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

1-28 ഉറവിടമാലിന്യസംസ്കരണം-ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കൽ -പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ

ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്റ്റ് ഓഫീസർ,നഗരദാരിദ്ര്യനിർമാർജന സെൽ)നിർവഹണം നടത്തിയ 240/21 നമ്പർ പ്രോജക്റ്റ് പ്രകാരം 750 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കംപോസ്റ്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ IRTC യിൽ നിന്ന് 750 യൂണിറ്റുകൾ വാങ്ങിയതായി ഫയലിൽ നിന്ന് വ്യക്തമാകുന്നു.എന്നാൽ പ്രോജക്റ്റ് അംഗീകാരം വാങ്ങിയതിലും നിർവഹണത്തിലും ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണപ്പെടുന്നു.

നഗരസഭയിലെ തെരഞ്ഞെടുത്ത വീടുകളിൽ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നഗരസഭ തയാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ച് ജില്ലാശുചിത്വമിഷൻ അംഗീകരിച്ചതിൻ പ്രകാരം 737 കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 1000/രൂപയാണ്.അത് പ്രകാരം 737 യൂണിറ്റുകളുടെ വില 737000/രൂപയും വിവിധ തലങ്ങളിലെ സബ്സിഡിയായി ശുചിത്വമിഷൻ വിഹിതം സംസ്ഥാനാവിഷ്കൃതം ഇനത്തിൽ 171721/,കേന്ദ്രാവിഷ്കൃതം 257950/നഗരസഭാവിഹിതം 233629/ഗുണഭോക്തൃവിഹിതം 73700/രൂപ എന്നിങ്ങനെ നിശ്ചയിക്കുകയും ചെയ്തു(233+350+317+100 = 1000) ശുചിത്വമിഷൻ അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 347/20 നമ്പരായി 2019-20ൽ പ്രോജക്റ്റ് തയാറാക്കി ആസൂത്രണ സമിതി അംഗീകാരം വാങ്ങി 2020-21ൽ 240/21എന്ന നമ്പരായി സ്പിൽഓവറായി നടപ്പിലാക്കുകയാണുണ്ടായത്. 737 യൂണിറ്റുകൾക്കായി തുകകളുടെ വകയിരുത്തലും ശുചിത്വമിഷൻ അംഗീകാരം നല്കിയതുപ്രകാരം തന്നെയാണ് പ്രോജക്റ്റ് അംഗീകരിച്ചത്.

എന്നാൽ കമ്പോസ്റ്റ് യൂണിറ്റുകൾക്കായി അക്രഡിറ്റഡ് ഏജൻസിയായ IRTC ക്ക് 20-02-2020ൽ നിർവഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നല്കിയതാവട്ടെ 750 യൂണിറ്റുകൾക്കും. പ്രോജക്റ്റ് പ്രകാരം ശുചിത്വമിഷൻ അംഗീകാരം നല്കിയ 737 യൂണിറ്റുകൾക്ക് മാത്രം തുക വകയിരുത്തിയ ശേഷം 750യൂണിറ്റുകൾ ആവശ്യപ്പെട്ടത് 13 യൂണിറ്റുകൾക്കുള്ള തുക ഉൾപ്പെടുത്താതെയാണ്.

642 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ് 100/രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കാൻ സാധിച്ചത്. നഗരസഭാവിഹിതവും (വികസനഫണ്ട്, ട്രഷറിബിൽനം.4/20-21,31-03-21-233629)

സംസ്ഥാനാവിഷ്കൃതവിഹിതത്തിൽ നിന്ന് 150000/(ചെക്ക്നം.26215/08-04-20)രൂപയുമുൾപ്പെടെ ആകെ 383629/രൂപ മാത്രമാണ് 750 യൂണിറ്റുകൾ സപ്ലൈ ചെയ്തതിന് നാളിതുവരെ IRTC ക്ക് നല്കിയത്. ഗുണഭോക്തൃവിഹിതം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.കേന്ദ്രാവിഷ്കൃത വിഹിതം 257950/രൂപയുടെ ചെക്ക് IRTC യുടെ പേരിൽ തയാറാക്കിയെങ്കിലും റദ്ദാക്കി ചെക്ക് ബുക്കിൽ സൂക്ഷിച്ചിരിക്കുന്നു.

750യൂണിറ്റുകൾ ലഭിച്ചതിൽ ഒരുവാർഡിൽ 25 എണ്ണം വീതം 28 വാർഡുകളിലേക്കായി 700 യൂണിറ്റുകൾ

വാർഡ് കൗൺസിലർമാർ കൈപ്പറ്റിയതായാണ് സ്റ്റോക്ക് /വിതരണ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ വാർഡ് കൗൺസിലർമാർ യഥാർഥ ഗുണഭോക്താക്കൾക്ക് ഇവ കൈമാറിയതിന്റെ വിവരം ലഭ്യമല്ല. 642 പേരിൽ നിന്ന് മാത്രം ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 700 പേർക്ക് വിതരണം ചെയ്തത് എപ്രകാരമെന്ന് വ്യക്തമല്ല.

50എണ്ണം വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

പ്രോജക്ട് പ്രകാരമുള്ള തുക അക്രഡിറ്റഡ് ഏജൻസിയായ IRTC ക്ക് നല്കുന്നതിന് 2021-22 വർഷം പ്രോജക്ട് വയ്ക്കുകയും ഉണ്ടായില്ല.

പ്രോജക്ടിന് അംഗീകാരം നല്കുമ്പോൾ ശുചിത്വമിഷൻ വച്ചിരുന്ന വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ തികച്ചും കാര്യക്ഷമതയില്ലാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത്.

നാളിതുവരെ പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 383629/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ചും എല്ലാവരിൽനിന്നും ഗുണഭോക്തൃവിഹിതം സ്വീകരിച്ചും പ്രോജക്ട് കാര്യക്ഷമമായി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-29 ടോയ് ലറ്റ് മെയിന്റനൻസ്- അധികതുക പിൻവലിച്ചത് -കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്

പ്രോജക്ട് നം. 340/21

നഗരസഭാ സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് പ്രകാരം 34 ഗുണഭോക്താക്കൾ ടോയ് ലറ്റ് മെയിന്റനൻസ് നടത്തിയിട്ടുള്ളതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. പ്രോജക്ട് അനുസരിച്ച് ഒരു ഗുണഭോക്താവിന് സബ്സിഡിയിനത്തിൽ 9000/രൂപ വീതം ആകെ 306000/രൂപയാണ് ചെലവഴിക്കേണ്ടത്.എന്നാൽ ഒരു ഗുണഭോക്താവിന് 18000/രൂപ അനുവദിച്ചതിനാൽ അധികമായി 9000/രൂപയുൾപ്പെടെ ആകെ 315000/രൂപ ട്രഷറിബില്ലുകൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിക്കുകയും അധികം നല്കിയ 9000/രൂപ ഗുണഭോക്താവിൽ നിന്ന് 19-01-2022 ലെ 50106485 നമ്പർ രസീത് പ്രകാരം ഈടാക്കി നഗരസഭാ ഫണ്ടിൽ വരവുവയ്ക്കുകയും ചെയ്തിട്ടുണ്ട്.ടി 9000/രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 9000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 അങ്കണവാടികളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ - പ്രവൃത്തി ആരംഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 344/20-21 |
| പ്രോജക്ട് | അങ്കണവാടികളിൽ കുടിവെള്ള ലഭ്യത – കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം., തീയതി | 18/20-21, 31.03.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

4 അങ്കണവാടികളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിന്റെ എസ് റ്റി എസ് ബി 70801140000051 നമ്പർ അക്കൗണ്ടിലേക്ക് 200000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല. നിലവിലെ നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/11.01.2022) പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നും ഉടൻ ആരംഭിക്കുന്നതാണെന്ന് ഭൂജല വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 സ്കൂളുകളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ചെലവ്

തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 342/20-21 |
| പ്രോജക്ട് | സ്കൂളുകളിൽ കുടിവെള്ള ലഭ്യത – കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 277930 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 277930 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം., തീയതി | 2/20-21, 31.03.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രിൻസിപ്പൽ , ഗവൺമെന്റ് ഹൈസ്കൂൾ |

സ്കൂളുകളിൽ കുഴൽക്കിണർ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിന്റെ എസ് റ്റി എസ് ബി 70801140000051 നമ്പർ അക്കൗണ്ടിലേക്ക് 277930/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/11.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 277930/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 നഗരസഭ ഓഫീസ് കോംപ്ലക്സ് നിർമ്മാണം-പ്രാരംഭ നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

ഫയൽ നം.E1-2562/19

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനും,പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ഇംപാക്ട് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും (സ.ഉ.(സാധാ)നം.210/2019/ത.സ്വ.ഭ.വ തീ 31.1.19)സർക്കാർ ഉത്തരവായിട്ടുള്ളതാണ്.പഴയ സ്ലോട്ടർ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നഗരസഭ ഓഫീസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് കിഫ്ബി ഫണ്ടിംഗിന് അനുയോജ്യമായ സ്റ്റാൻഡേർഡ് ഫോർമാറ്റിൽ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗവ.അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള Expression Of Interest ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/S KITCO LTD നെ തെരഞ്ഞെടുത്തു.പ്രോജക്ട് അടങ്കലിന്റെ 2.23% തുകയാണ് കിറ്റ്കോയുടെ കൺസൾട്ടൻസി ഫീ.കിറ്റ്കോ തയ്യാറാക്കി നൽകിയ DPR ൽ തിരുത്തൽ വരുത്താൻ ഇംപാക്ട് കേരള ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ DPR ന് 30.6.20 ന് അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.കിറ്റ്കോയ്ക്ക് കൺസൾട്ടൻസി ഫീയുടെ ആദ്യഗഡു 643644/-രൂപ നഗരസഭ നൽകിയിട്ടുണ്ട്(ചെക്ക് നം.777677/5.8.20).കിറ്റ് കോ നൽകിയ ഇൻവോയിസ് പ്രകാരം അവർക്ക് ലഭിക്കേണ്ട കൺസൾട്ടൻസി ഫീ 18,52,840/-രൂപയാണ്. (ഇൻവോയിസ് നം.1/20 തീ 29.2.20) Structural Scrutiny, Permit, Fire Drawings എന്നിവ തങ്ങളുടെ Scope Of Work ൽ ഉൾപ്പെടുന്നില്ല എന്ന് കിറ്റ്കോ അറിയിച്ചതിനാൽ ഈ പ്രവൃത്തികൾക്ക് നഗരസഭ സബ്കൺസൾട്ടൻസി നൽകേണ്ടി വന്നു.scructural Scrutiny, Wetting Report എന്നിവ തയ്യാറാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത Earth Scape, Thodupuzha എന്ന സ്ഥാപനത്തെ 420,000/-രൂപയ്ക്ക് Scructural Scrutiny, Wetting Report എന്നിവ തയ്യാറാക്കുന്നതിനായി ഏൽപ്പിച്ചു. കൺസൾട്ടൻസി ഫീയിനത്തിൽ പ്രസ്തുത സ്ഥാപനത്തിന് ആദ്യം 294000/-രൂപയും (ചെക്ക് നം.137980/10.11.20) തുടർന്ന് 201000/-രൂപയും (ചെക്ക് നം.772425/30.3.21) നൽകിയിട്ടുണ്ട്. ഫയർ NOCയ്ക്കായി 31900/-രൂപ (ചെക്ക് നം. 564847/20.1.21)ഫീസിനത്തിലും അടവാക്കിയിട്ടുണ്ട്. 1170544/- (643644 +294000+201000+31900) രൂപ 2020-21 വരെ മുനിസിപ്പൽ ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക പ്രവർത്തനങ്ങളിൽ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിലെ തിരുത്തൽ, പ്രൈസ് സോഫ്റ്റ് വെയറിൽ വരുത്തുന്ന പ്രവൃത്തി പെൻഡിംഗ് ആയി തുടരുന്നു.

ഇംപാക്ട് കേരളയുടെ 6.12.21 ലെ Spv/2020/LSGD/370 കത്തിൽ എസ്റ്റിമേറ്റിലും,ഡ്രോയിംഗിസിലും

തിരുത്തൽ വരുത്താൻ ആവശ്യപ്പെട്ട് നൽകിയ കത്തിന് 3 മാസങ്ങൾക്ക് ശേഷമാണ് മറുപടി നൽകിയതെന്ന് സൂചിപ്പിച്ചിട്ടുണ്ട്.ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പദ്ധതിയുടെ നിർവ്വഹണത്തെ സാരമായി ബാധിക്കുന്നതും,ആത്യന്തികമായി പ്രസ്തുത പദ്ധതി നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്നും കത്തിൽ പറയുന്നു.ആയതിനാൽ നഗരസഭ ഓഫീസ് കോംപ്ലക്സ് കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കി കെട്ടിടനിർമ്മാണം ആരംഭിക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അല്ലാത്തപക്ഷം നഗരസഭ ഓഫീസ് കെട്ടിടനിർമ്മാണത്തിനായി നഗരസഭയ്ക്ക് കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ട 7.677 കോടി രൂപ നഷ്ടമാകുകയും,പ്രാരംഭ ചെലവുകൾക്കായി നഗരസഭ ചെലവഴിച്ച 1170544/-രൂപ പാഴ് ചെലവും ആകും.ഇത്തരമൊരു അവസ്ഥയിലേയ്ക്ക് പോകാതെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കാൻ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കാത്ത സാഹചര്യത്തിൽ നഗരസഭാ ഓഫീസ് കോപ്ലക്സ് നിർമാണത്തിനായി നാളിതുവരെ ചെലവഴിച്ച 1170544/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ബഡ്സ് സ്കൂളിലെ ചവിട്ടി നിർമ്മാണ യൂണിറ്റ് - അനുബന്ധ സാമഗ്രികൾ ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല

ഈരാറ്റുപേട്ട നഗരസഭയിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ത്രണിവേസ്റ്റ് കൊണ്ട് ചവിട്ടി നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് 228750/-രൂപ അനുവദിച്ചിരുന്നു.പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിരുന്നു.ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ലൂം ക്യാറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 101,280/-രൂപയ്ക്ക് ഹാൻഡ് ലൂം മെഷീൻ 2 പെഡൽ,&ഹാൻഡ് ലൂം മെഷീൻ 3 പെഡൽ വാങ്ങിയിട്ടുണ്ട്.ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ചവിട്ടി നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഇല്ലാത്തതിനാൽ നിലവിൽ ടി മെഷീനുകൾ ഉപയോഗപ്രദമല്ലാത്ത രീതിയിൽ ബഡ്സ് സ്കൂളിൽ സൂക്ഷിച്ചിരിക്കുകയാണ്. ചവിട്ടി നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃ വസ്തുക്കൾ വാങ്ങി നൽകി പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവഴിച്ച 101280/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003 ലെ കേരളാ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും നഗരസഭ പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.നഗരത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് ധനസഹായം നൽകാൻ വേണ്ട അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-35 സാമൂഹിക സുരക്ഷാപെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു

ഈരാറ്റുപേട്ട നഗരസഭയിലെ 2020-21കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ

രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | ഹസ്സൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 105350200745 | 4.1.20 | 2/20-12/21 | 35400 |
| 2. | എം.കെ.കുഞ്ഞുമൊയ്തീൻ | വാർദ്ധക്യകാല പെൻഷൻ | 105350200961 | 19.12.19 | 1/20-4/20<br>12/20<br>2/21-6/21 | 14100 |
| 3 | ഐഷ | വാർദ്ധക്യകാല പെൻഷൻ | 105350200317 | 6.2.20 | 5/20-6/20<br>10/20-6/21<br>12/21 | 18400 |
| 4 | ഐഷസെയ്തുമുഹമ്മദ് | വിധവപെൻഷൻ | 105350600166 | 9.12.19 | 1/20-6/20<br>10/20-12/20<br>2/21-6/21 | 19500 |
| 5 | അബ്ദുൾറസ്സാക്ക് | വാർദ്ധക്യകാല പെൻഷൻ | 112640200077 | 26.2.20 | 5/20-6/20<br>10/20-12/20<br>1/21-3/21<br>4/21<br>6/21<br>12/21 | 14700 |
| 6 | കെ.എസ്.ഐഷാഉമ്മ | വാർദ്ധക്യകാല പെൻഷൻ | 112640200185 | 7.4.20 | 5/20-8/20<br>9/20-12/20<br>1/21-3/21<br>4/21-9/21 | 24900 |
| 7. | സൈനബ പരീക്കണ്ണ് | വാർദ്ധക്യകാല പെൻഷൻ | 112640200670 | 22.2.20 | 10/20<br>12/20<br>2/21-6/21 | 10800 |
| 8. | പരീത്റാവുത്തർ കെ.കെ | വാർദ്ധക്യകാല പെൻഷൻ | 105350200302 | 9.7.20 | 8/20<br>9/20-12/20<br>1/21-3/21<br>4/21-12/21 | 25800 |
| 9 | വി.എസ്സ് ഹസ്സൻ | വാർദ്ധക്യകാല പെൻഷൻ | 105370200212 | 1.8.20 | 9/20-12/20 | 5600 |
| 10 | എം.കെ.അസീസ്സ് | വാർദ്ധക്യകാല പെൻഷൻ | 105350200610 | 31.7.20 | 10/20<br>1/21-4/21<br>6/21 | 9100 |
| 11 | കെ.പി.പരീതുമ്മ | വാർദ്ധക്യകാല പെൻഷൻ | 112640200578 | 25.3.20 | 11/20-12/20<br>3/21-4/21<br>6/21 | 7500 |
| 12 | ഫാത്തിമ വി.പി | കർഷകതൊഴിലാളി | 112640100011 | 22.9.20 | 10/20-12/20 | 22700 |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | | | 1/21-3/21<br>4/21-8/21<br>12/21 | |
| 13 | ഇബ്രാഹിം കെ.പി | വാർദ്ധക്യകാല പെൻഷൻ | 105350200881 | 3.8.20 | 10/20-3/21<br>4/21-6/21 | 13800 |
| 14 | പെണ്ണമ്മ | വാർദ്ധക്യകാല പെൻഷൻ | 112640200317 | 24.9.20 | 10/20-3/21<br>4/21-12/21 | 23400 |
| 15 | ആയിഷ | വാർദ്ധക്യകാല പെൻഷന് | 112640200989 | 24.11.20 | 3/21-4/21 | 3200 |
| | | | | | ആകെ | 248900 |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു അപേക്ഷകരുടെ മരണ വിവരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല . മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ12/21 വരെ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ ഈരാറ്റുപേട്ട നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഇപ്രകാരം മരണം റിപ്പോർട്ട് ചെയ്തതിനുശേഷം പെൻഷൻ വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27)മറുപടിയായി നിലവിൽ ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിട്ടുള്ള 15 ആളുകളുടെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയവർക്കല്ലാതെ ഇപ്രകാരം ആർക്കെങ്കിലും പെൻഷൻ നൽകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അധികം നൽകിയ തുക തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കാവുന്നതാണ്.

1-36 പി.എം.എ.വൈ ലൈഫ് ഭവനപദ്ധതി

പി.എം.എ.വൈ.ലൈഫ് ഭവനപദ്ധതിയ്ക്കായി നഗരസഭ ആരംഭിച്ചിട്ടുള്ള യൂണിയൻ ബാങ്ക് ഈരാറ്റുപേട്ട ശാഖയിലുള്ള അക്കൗണ്ടിൽ (നം.720102010002777)11.3.2020 ൽ കേന്ദ്ര-സംസ്ഥാനവിഹിതമിനത്തിലുള്ള 170,00,000രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ഹഡ്കോ വായ്പയിനത്തിൽ 2019-20 വർഷം 86400000/-രൂപ ലഭ്യമായിട്ടുണ്ട്.ജിയോ ടാഗിംഗിനായി തൻവർഷം 42400/- രൂപ അർബൻ ഹൗസിംഗ് മിഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്.അംഗീകാർ ക്യമ്പയിനായിട്ട്37000/- രൂപയും തൻ വർഷം ലഭിച്ചു.തൻ വർഷം നഗരസഭയുടെ പദ്ധതിവിഹിതം(എസ്.സി.പി)190600/-രൂപയും,ടി.എസ്.പി വിഹിതമിനത്തിലുള്ള 132,000/രൂപയും പി.എം.എ.വൈ ലൈഫ് പദ്ധതിയുടെ അക്കൗണ്ടിലേയ്ക്ക് തൻവർഷം ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ആകെയുള്ള 547 ഗുണഭോക്താക്കളിൽ 522 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു തുകയും കൈപ്പറ്റിയിട്ടുണ്ട്.ആകെ 27 ഗുണഭോക്താക്കൾ 2018-19 മുതൽ നാളിതുവരെ ഭവനനിർമ്മാണത്തിനായി 3ഗഡു തുകയായ 350,000/-രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

നിലവിൽ 2ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| പത്മാവതി വിജയൻ | 130,000 |
| സരിത കുട്ടിച്ചൻ | 130,000 |

| | |
|---|---|
| അബ്ദുൾ സലാംഫൈസൽ | 130,000 |

ആദ്യ ഗഡു തുക കൈപ്പറ്റിയതിന് ശേഷം ഭവനനിർമ്മാണത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് കടന്നിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി |
|---|---|
| ഐഷാസലിം, കൊരണ്ടിപ്പള്ളിൽ | 30,000/15.2.19 |
| സുലൈഖ സുലൈമാൻ പാളയം പറമ്പിൽ | 30,000/28.11.18 |
| മിനിമോൾ.സി.കെ നീണ്ടുകുന്നേൽ | 30,000/28.11.18 |

ആദ്യഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം പുനരാരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

പി.എം.എ.വൈ ലൈഫ് ഭവനപദ്ധതിയ്ക്കായി 2019-20വർഷം ലഭിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് |
|---|---|
| മുന്നിരിപ്പ് | 3545902.64 |
| കേന്ദ്ര-സംസ്ഥാന വിഹിതം &വായ്പാതുക | 103802000 |
| പലിശവരവ് | 674542 |
| ആകെ ഫണ്ട് | 108022444.6 |
| ചെലവ് | 95243572.05 |
| നീക്കിയിരുപ്പ് | 12778872.59 |

പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണപ്രവർത്തനങ്ങൾക്കായി മാത്രം തൻവർഷം 951,55,000/-രൂപയും,ഡാറ്റാഎൻട്രി,അംഗീകാർ,ജിയോ ടാഗിംഗ് പ്രവർത്തനങ്ങൾക്കായി 88572.05/-രൂപയും ഉൾപ്പടെ 2019-20 വർഷത്തെ ആകെ ചെലവ് 95243572.05/-രൂപയാണ്.

2020-21 വർഷത്തെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നീക്കിയിരുപ്പ് | 12778872.59 |
| ഫണ്ട് വരവ് | 0 |
| പലിശവരവ് | 252546 |
| ആകെ വരവ് | 13031418.59 |
| ആകെ ചെലവ് | 10050906 |
| നീക്കിയിരുപ്പ് | 2980512.59 |

1-37 വെള്ളക്കരം അടവാക്കൽ -സംയുക്ത പരിശോധന നടത്തുന്നതിന് നഗരസഭയ്ക്ക് വിമുഖത

ഫയൽ നം.E2(A2)-7387/16

ഈരാറ്റുപേട്ട നഗരസഭയിൽ 38 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നതായി 23.6.2018 ൽ സംയുക്ത പരിശോധന നടത്തി കണ്ടെത്തിയിരുന്നു. 24966/- രൂപയാണ് വാട്ടർചാർജിനത്തിൽ പ്രതിമാസം നഗരസഭ അടവാക്കിയിരുന്നത്. 24.10.19ൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി നഗരസഭയെ അറിയിച്ചിരുന്നുവെങ്കിലും നഗരസഭ പരിശോധനയ്ക്ക് തയ്യാറായില്ല. നിലവിൽ നഗരസഭപ്രദേശത്ത് 10 പൊതുടാപ്പുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നും ആയതിനാൽ തുടർ ബില്ലുകൾ സംയുക്ത പരിശോധന നടത്തിയതിന് ശേഷം ഒടുക്കുന്നതിന് 22.10.20ൽ 15-ാം നമ്പർ നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിരുന്നു. 27.11.20, 6.1.21 തീയതികളിലെ പി.എച്ച്.എസ്.ഇ 6/2014 കത്ത്

പ്രകാരം വാട്ടർ അതോറിറ്റി നഗരസഭയോട് സംയുക്ത പരിശോധന നടത്താൻ ആവശ്യപ്പെട്ടിരുന്നു. നഗരസഭ കൗൺസിലിൽ നടന്ന ചർച്ചയിൽ പൊതുടാപ്പുകൾ നഗരസഭപരിധിയിൽ ആവശ്യമില്ലായെന്നും 10 പൊതുടാപ്പുകൾ ഒഴികെ വേറെ ഒന്നിന്റെയും ബിൽ തുക അടയ്ക്കാനാവില്ലയെന്നും നിർദ്ദേശം വന്നതിനാൽ, പൊതുടാപ്പുകൾ നഗരസഭയുടെ ഉത്തരവാദിത്വമല്ല എന്നുള്ള വിവരം E2/7387/16/17.5.21 നമ്പരായുള്ള കത്ത് അസി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, ഈരാറ്റുപേട്ടയെ അറിയിച്ചു. നഗരസഭയിൽ നിന്നും 9/20ന ശേഷം വാട്ടർചാർജ് അടവാക്കുന്നില്ല. 3/21 ലെ ബിൽ പ്രകാരം 221,878/-രൂപയും, ഫൈനിനത്തിൽ 4362/-രൂപയും നഗരസഭ അടയ്ക്കാനവശേഷിക്കുന്നു. 1994ലെ കേരള മുനിസിപ്പൽ ആക്ട് 30(1)ാം വകുപ്പ്, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലെ ജലവിതരണപദ്ധതികൾ പരിപാലിക്കുക, അതത് മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണപദ്ധതികൾ സംവിധാനപ്പെടുത്തുക എന്നിവ നഗരസഭയുടെ ചുമതലയാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗ ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വാട്ടർ ചാർജ് അടയ്ക്കാൻ നഗരസഭ കൗൺസിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇൻറർലോക്ക് പേവിങ് വിരിക്കൽ -കരാറുകാരന് അധിക തുക നൽകി

മുനിസിപ്പൽ എൻഞ്ചിനീയർ 2020-21 വർഷം നിർവ്വഹിച്ച മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇൻറർലോക്ക് പേവിങ് വിരിക്കൽ എന്ന പദ്ധതിയിൽ (പ്രോജക്ട് നമ്പർ 249/21) നാല് ലക്ഷം രൂപ വകയിരുത്തുകയും 30.1.2020 ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് 'ക്വോട്ട് ചെയ്ത ശ്രീ ടി എ. സുലൈമാൻ എന്ന കരാറുകാരനെ തെരഞ്ഞെടുത്ത് കരാർ നമ്പർ 104/എ.ഇ/2019-20 തീയതി 7.3.2020 ആയി കരാർ ചമയ്ക്കുകയും ചെയ്തു. എം ബുക്ക് നമ്പർ 229 പ്രകാരം അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക നൽകി. 03.08.21ൽ കരാറുകാരൻ സമർപ്പിച്ച ഇ.എം.ഡി തിരികെ നൽകുകയും ചെയ്തു.

എന്നാൽ ഓഡിറ്റ് വേളയിൽ 12.01.21 ൽ ഓഡിറ്റ് ടീം നേരിൽ സൈറ്റ് സന്ദർശിച്ച അവസരത്തിൽ മാർക്കറ്റ് കോംപൗണ്ടിൽ പേവിങ് ടൈൽ വിരിച്ച ഭാഗം ഇടിഞ്ഞു താഴ്ന്ന് ടൈലുകൾ പൊട്ടിത്തകർന്ന നിലയിലാണ് കാണാൻ കഴിഞ്ഞത്. കൂടാതെ റോഡിനോട് ചേർന്ന ഭാഗം ടൈലുകൾ ഇളകി മാറി ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. മാർക്കറ്റ് കോംപൗണ്ടിന്റെ പിൻഭാഗം സ്വകാര്യ വ്യക്തി അനധികൃതമായി റോഡ് നിർമ്മാണത്തിനായി പൊളിച്ചതിനെത്തുടർന്ന് തകർന്ന് കിടക്കുന്നു. നിർമ്മാണം പൂർത്തിയായി ഏതാനും മാസത്തിനകം ഉള്ള അവസ്ഥയാണിത്. നിർവ്വഹണത്തിലെ അപാകതകൾ ആണ് ഈ അവസ്ഥയ്ക്ക് കാരണം. ഡാറ്റാ പ്രകാരം വിഭാവനം ചെയ്ത നിർമ്മാണ രീതി ചുവടെ ചേർക്കുന്നു.

| കോഡ് | റഫറൻസ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|---|---|
| എൽ 12 | | മേറ്റ് | ദിനം | 1 | 407 | 407 | |
| എൽ 29 | | മസ്ദൂർ | ദിനം | 17 | 368 | 6256 | |
| എൽ10 | | മേസൺ | ദിനം | 8 | 448 | 3584 | |
| പി&എം | | വെള്ളം ടാങ്കർ | മണിക്കൂർ | 2 | 200 | 400 | |
| എം379 | | ഇന്റർ ലോക്ക് ബ്ളോക്ക് 80എം.എം | ച.മീ | 225 | 370 | 83250 | |
| എം381 | | എഡ്ജ് ബ്ളോക്ക് | മീ | 120 | 55.50 | 6660 | |
| എം348 | | സാന്റ് | ഘന മീ | 7.23 | 1303.77 | 9426.26 | |
| എം 189 | | വെള്ളം | കിലോ | 3 | 13 | 39 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ലിറ്റർ | | | | |
| ആകെ | | | | | | | 110022.226 |
| 225 ഘന മീ ചെലവ് | | | | | | | 110022.26 |
| 1 ഘന മീ ചെലവ് | | | | | | | 488.89 |
| കൂട്ടുക ഓവർ ഹെഡ് ചാർജ് 10% | | | | | | | 48.89 |
| കൂട്ടുക കരാറുകാരനുള്ള ലാഭം 10% | | | | | | | 53.78 |
| കോസ്റ്റ് ഇൻഡക്സ് 37.93% | | | | | | | 224.34 |
| ആകെ നൽകിയ നിരക്ക് | | | | | | | 816.02 |

എന്നാൽ ഡാറ്റാ പ്രകാരം വിഭാവനം ചെയ്ത എഡ്ജ് ബ്ലോക്ക് വിരിക്കൽ എന്ന ഇനം നിർവ്വഹിച്ചിട്ടില്ലാത്തതായി സൈറ്റ് പരിശോധനയിൽ വ്യക്തമായി. ഈ ഇനം ഒഴിവാക്കിയുള്ളതും കരാറുകാരന് നൽകാനാവുന്നതുമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ 110022.26 – 6660(നിർവ്വഹിക്കാത്ത പ്രവർത്തിയുടെ നിരക്ക്) | 103362.26 |
| 225 ഘന മീ ചെലവ് | 103362.26 |
| 1 ഘന മീ ചെലവ് | 459.38 |
| കൂട്ടുക ഓവർ ഹെഡ് ചാർജ് 10% | 45.938 |
| | 505.318 |
| കൂട്ടുക കരാറുകാരനുള്ള ലാഭം 10% | 50.53 |
| | 555.849 |
| കോസ്റ്റ് ഇൻഡക്സ് 37.93% | 210.83 |
| ആകെ നൽകാവുന്ന നിരക്ക് | 766.68 |
| എം ബുക്ക് പ്രകാരം ചെയ്ത അളവ് (ച.മീ) | 432.14 |
| നൽകാവുന്ന തുക 432.14*766.68 | 331313.09 |
| നൽകിയതുക432.14*816.02 എം ബുക്ക് നം 229പേജ് നം3 | 352634.88 |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ പ്രവർത്തിമൂല്യം | 352634.88 | 331313 |
| കുറയ്ക്കുക ടെൻഡർ കുറവ്(0.01%) | 35.26 | 33.13 |
| അറ്റ മൂല്യം | 352599.62 | 331279.87 |
| കൂട്ടുക സെൻട്രൽ ജി എസ് ടി 6% | 21155.98 | 19876.79 |
| സ്റ്റേറ്റ് ജി എസ് ടി 6% | 21155.98 | 19876.79 |
| ആകെ | 394911.58 | 371033.45 |
| അതായത് | 394912/- | 371033/- |
| കുറയ്ക്കുക ആദായനികുതി1 % | 3526 | 3313 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 3526 | 3313 |
| സ്റ്റേറ്റ് ജി എസ് ടി 1% | 3526 | 3313 |

| | | |
|---|---|---|
| സെൻ്റൽ ജി.എസ് ടി 1% | 3526 | 3313 |
| കരാറുകാരന് | 380808/- | 357781/- |
| അധികം നൽയത് | 23027/- | |
| കരാറുകാരന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. | | |
| ധനകാര്യ കമ്മീഷൻ ഗ്രാൻ്് ബിൽനം 47/20-21 തീയതി 27.11.20 | 2,81,526/- | - |
| തനത് ഫണ്ട് ചെക്ക് നമ്പർ 657855 തീയതി 3.07.20 | 1,13,386/- | - |

23027/-രൂപ കരാറുകാന് അധികമായി നൽകിയതായി കാണുന്നു. അധികമായി തുക നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/13.1.21) മറുപടി ലഭ്യമാക്കാത്തതിനാൽ കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഇപ്രകാരം തുക ഈടാക്കാത്ത പക്ഷം മുൻസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

1-39 കോവിഡ് 19-പ്രതിരോധപ്രവർത്തനങ്ങൾ

കോവിഡ് 19 ഗുരുതരമായി ബാധിച്ച തദ്ദേശസ്ഥാപനമാണ് ഈരാറ്റുപേട്ട നഗരസഭ.ജനസാന്ദ്രത വളരെയേറിയതിനാൽ പകർച്ചവ്യാധി നിയന്ത്രണം വളരെ ക്ലേശമായ സാഹചര്യമായിരുന്നു.എന്നിരിക്കിലും നഗരസഭ വളരെ കാര്യക്ഷമമായിത്തന്നെ കോവിഡ് നിയന്ത്രണ നടപടികൾ ഏർ142പ്പെടുത്തിയിരുന്നു.സി.എഫ്.എൽ.ടി.സിയും ഡി.സി.സിയും ഏർപ്പെടുത്തുന്നതിനും അതിഥി തൊഴിലാളികളുൾപ്പെടെ ദുരിതബാധിതരായവർക്ക് സാമൂഹിക അടുക്കള വഴി ഭക്ഷണവിതരണം നടത്തുന്നതിനും സാമൂഹിക അകലംപാലിക്കൽ,ബ്രേക്ക് ദ ചെയിൻ,മാസ്ക്-സാനിറ്റൈസർ വിതരണം ,കോവിഡ്ബാധിതമേഖലകൾ അടയ്ക്കൽ,പ്രതിരോധമരുന്നുകളുടെ വിതരണം,പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ ഇങ്ങനെ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും കാര്യക്ഷമമായി തന്നെ നഗരസഭ ഏറ്റെടുത്തിട്ടുണ്ട്.നഗരസഭയിലെ സെന്റ്.മേരീസ് ഹോസ്റ്റലിൽ സി.എഫ്.എൽ.ടി.സി യും,ശാദിമഹൽ ഓഡിറ്റോറിയം ഡി.സി.സിയായും പ്രവർത്തിപ്പിക്കുകയുണ്ടായി.കൂടാതെ പി.റ്റി.എം.എസ് ഓഡിറ്റോറിയത്തിൽ ക്വാറന്റൈൻ സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

മേൽവിവരിച്ച പ്രകാരമുള്ള ചെലവുകളിലായി നഗരസഭ 2020-21ൽ 3500699/രൂ ചെലവഴിച്ചിട്ടുണ്ട്.ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്ന് 1200000/ലക്ഷം രൂപ അനുവദിച്ചതിൽ ഡി.സി.സി യുടെ പ്രവർത്തനങ്ങൾക്കായി 517088/രൂപയും ,സി.എഫ്.എൽ.ടി.സി യുടെ ചെലവുകൾക്ക് 584984/രൂപയും ചെലവഴിച്ചിട്ടുണ്ട്.പദ്ധതി വിഹിതത്തിൽ നിന്ന് പ്രോ.നം.142/21പ്രകാരം 204774/രൂപയും,പ്രോ.343 /21പ്രകാരം 1678798/രൂപയും ചെലവഴിക്കുകയുണ്ടായി.തനതുഫണ്ടിൽ നിന്ന് മാത്രമുള്ള ചെലവ് 475055/രൂപയാണ്.

കോവിഡ് മഹാമാരി പ്രതിരോധത്തിൽ നഗരസഭ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുള്ളതായി വിലയിരുത്തുന്നു.

1-40 കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തിയിൽ 2020-21 വർഷം കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവർത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ | ഈടാക്കേണ്ടിയിരുന്ന തുക | എം ബുക്ക് നം |
|---|---|---|---|

| | | | |
|---|---|---|---|
| | ബാരലുകളുടെ എണ്ണം | | |
| 294/21തടവനാൽ -വെടിക്കുന്ന് റോഡ് ബാക്കി ഭാഗം ടാറിങ്ങ് വാർഡ് 21 കരാറുകാരൻ- റ്റി.എ സുലൈമാൻ | 10 | രൂ 2380ജി.എസ്.റ്റി 18% രൂ 428/- | 325/20-21 |
| 278/21ലക്ഷം വീട് കോളനി റോഡ് മെയിന്റനൻസ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 9 | രൂ 2142ജി.എസ്.റ്റി 18% രൂ 386/ | 327/20-21 |
| 261/21വട്ടക്കയം റോഡി വട്ടക്കയം മർവ്വ മസ്ജിദ് ഭാഗം ടാറിങ്ങ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 14 | രൂ 3332ജി.എസ്.റ്റി 18% രൂ 600/ | 292/20-21 |
| 246/21മുൻസിപ്പൽ ഓഫീസ് റോഡ് വ്യാപാര ഭവൻ റോഡ് ടാറിങ്ങ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 19 | രൂ 4522ജി.എസ്.റ്റി 18% രൂ 813/ | 228/20-21 |
| 259/21 വാഴമറ്റം ടാറിങ്ങ് റോഡ് മെയിന്റനൻസ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 10 | രൂ 2380ജി.എസ്.റ്റി 18% രൂ 428/- | 312/20-21 |
| 268/21 തേവരുപാറ ഡമ്പിങ്ങ് യാർഡ് റോഡ് റീ ടാറിങ്ങ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 12 | രൂ 2856ജി.എസ്.റ്റി 18% രൂ 514/ | 278/20-21 |
| 110/21പൊന്തനാൽ വയൽ മുക്ക് റോഡ് ടാറിങ്ങ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 4 | രൂ 952ജി.എസ്.റ്റി 18% രൂ 171/ | 25/18-19 |
| 109/21 പോലീസ് സ്റ്റേഷൻ റോഡ് ടാറിങ്ങ് | 5 | രൂ 1190ജി.എസ്.റ്റി 18% രൂ 214/ | 26/18-19 |

| | | | |
|---|---|---|---|
| കരാറുകാരൻ- പി.എസ് സുനിൽ | | | |
| 133/21 കുർബാനിപ്പറമ്പ് റോഡ് ടാറിങ്ങ് കരാറുകാരൻ-മൻസൂർ പി.എ | 7 | രൂ 1666ജി.എസ്.റ്റി 18% രൂ 300/ | 179/20-21 |
| 176/21 പി.എംസി റോഡ് ടാറിങ്ങ് കരാറുകാരൻ- റ്റി.എ സുലൈമാൻ | 4 | രൂ 952ജി.എസ്.റ്റി 18% രൂ 171/ | 291/20-21 |
| 177/21 പുഴക്കര റോഡ് ടാറിങ്ങ് കരാറുകാരൻ-റ്റി.എ സുലൈമാൻ | 5 | രൂ 1190ജി.എസ്.റ്റി 18% രൂ 214/ | 295/20-21 |
| 275/21മാന്നാർ ഇലവുങ്കൽ റോഡ് ടാറിങ്ങ് വാർഡ് 19 കരാറുകാരൻ-റ്റി.എ സുലൈമാൻ | 4 | രൂ 952ജി.എസ്.റ്റി 18% രൂ 171/ | 294/20-21 |
| 277/21 മാന്നാർ ഇലവുങ്കൽ റോഡ് ടാറിങ്ങ് വാർഡ് 20 കരാറുകാരൻ-റ്റി.എ സുലൈമാൻ | 4 | രൂ 952ജി.എസ്.റ്റി 18% രൂ 171/ | 296/20-21 |
| 290/21 പടിപ്പുരയ്ക്കൽ ലിങ്ക് റോഡ് റീ ടാറിങ്ങ് കരാറുകാരൻ-റ്റി.എ സുലൈമാൻ | 5 | രൂ 1190/-ജി.എസ്.റ്റി 18% രൂ 214/ | 297/20-21 |
| ആകെ | | രൂ 26656/-ജി.എസ്.റ്റി 18% രൂ 4795/- | |

കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (7/7.01.21) മറുപടി ലഭ്യമാക്കിയില്ല. കാലിബാരൽ തിരികെ നൽകാത്തപക്ഷം കാലിബാരലിന്റെ വില കരാറുകാരനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്

## 1-41 മുൻസിപ്പൽ എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

2020-21 വർഷം മുൻസിപ്പൽ എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/ പദ്ധതി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് നം | തീയതി | കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 249/21 മാർക്കറ്റ് കോംപ്ളക്സ് ഇന്റർ ലോക്ക് പേവിങ്ങ് | റ്റി.എ സുലൈമാൻ | ഇ.1-6846/19-20 | 3.02.2020 | 17.02.20 | 7.03.20 | 4,00,000/- | 4000/- |
| 132/21കാരക്കാട് കാവും കുന്നേൽ റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുഹമ്മദ് അസ്ലാം | ഇ.1-6846/19-20 | 7.01.20 | 21.02.20 | 03.02.20 | 1,00,000 | 1000/- |
| ആകെ | | | | | | | 5000/- |

നിയമാനുസൃതമുള്ള പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (8/7.01.21) മറുപടി ലഭ്യമാക്കാത്തതിനാൽ കരാറുകാന് അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-42 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ 2020- 21 വർഷം മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരിക്കുന്ന തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് വേതനം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ചെക്ക് നം | തുക | തൊഴിലാളികളുടെ പേര് | തൊഴിൽ ദിനങ്ങളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|---|---|
| 21ാം വാർഡ് ഇരപ്പാംകുഴി റോഡ് സംരക്ഷണ ഭിത്തി | 14579/30.06.20 | 46750/- | ഉബൈദ് | 10 | 11600 | @967/ദിവസം 9670/- | 1930/- |
| വാർഡ് 24 തോട് വൃത്തിയാക്കൽ | 15346/20.07.20 | 45241/- | ഷമി സലീം | 9 | 3252/- | @271/ദിവസം 2439/- | 813/- |
| വെട്ടിക്കൽ തോട് ശുചീകരണം | 15351/25.08.20 | 45424/- | ഫൈസൽ തൊഴിൽ കാർഡ് നം ഇല്ല | 2 | 1794/- | @967/ദിവസം 25/429 എന്ന തൊഴിൽ കാർഡിൽ ഫൈസലിന് 8401/-ഇതേ മസ്ററോളിൽ തുക നൽകി | 1794/- |
| ആകെ | | | | | | | 4537/- |

യഥാർത്ഥ തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് നൽകിയ വേതനം തിരികെ ഈടാക്കി

വിവരം അറിയിക്കേണ്ടതാണന്നാവശ്യപ്പെട്ടി നൽകിയ അന്വേഷണക്കുറിപ്പിന് നം 34/19.1.21മറുപടി ലഭ്യമാക്കാത്തതിനാൽ അധികമായി നൽകിയ 4537/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-43 ലോഗ് ബുക്ക് - രേഖപ്പെടുത്തലുകൾ അപൂർണം

ഈരാറ്റുപേട്ട നഗരസഭയുടെ വിവിധ വാഹനങ്ങളിൽ ഇന്ധനം നിറച്ചതു സംബന്ധിച്ച വിവരങ്ങൾ അതാത് വാഹനങ്ങളുടെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെക്ക് നമ്പർ -3051101/24.06.20(ഫയൽ നമ്പർ-ഇ-2/5026/16

| വാഹന നമ്പർ | തിയതി | ബിൽ നമ്പർ | അളവ് | തുക |
|---|---|---|---|---|
| KL 35 G-8570 | 06.04.20 | 139 | 36.28(ഡീസൽ) | 2401.37 |
| KL 35 G-8570 | 21.04.20 | 685 | 20(ഡീസൽ) | 2647.50 |
| KL 35 G-3107 | 01.04.20 | 13 | 38.37(ഡീസൽ) | 2540 |
| ;; | 03.04.20 | 81 | 38.45(ഡീസൽ) | 2545.01 |
| ;; | 06.04.20 | 167 | 35(ഡീസൽ) | 2316.65 |
| ;; | 09.04.20 | 247 | 41.99(ഡീസൽ) | 2779.32 |
| ;; | 13.04.20 | 369 | 42.50(ഡീസൽ) | 2813.08 |
| ;; | 16.04.20 | 445 | 39.7(ഡീസൽ) | 2628.4 |
| ;; | 18.04.20 | 530 | 45.63(ഡീസൽ) | 3020.25 |
| ;; | 21.04.20 | 687 | 45(ഡീസൽ) | 2978.55 |
| ;; | 24.09.20 | 815 | 45(ഡീസൽ) | 2978.55 |
| ;; | 28.04.20 | 967 | 42(ഡീസൽ) | 2779.98 |
| ;; | 30.04.20 | 1057 | 40(ഡീസൽ) | 2647.60 |
| KL 35 D-786 | 04.09.20 | 99 | 25(പെട്രോൾ) | 1798.25 |
| KL 35 D-786 | 18.04.20 | 532 | 25(പെട്രോൾ) | 1798.25 |
| KL 35 D-786 | 29.04.20 | 1023 | 22(പെട്രോൾ) | 1582.42 |
| KL 35 G-3107 | 06.03.20 | 30345 | 35(ഡീസൽ) | 2372.65 |
| ;; | 11.03.20 | 30824 | 35(ഡീസൽ) | 2343.25 |
| ;; | 17.03.20 | 31303 | 38(ഡീസൽ) | 2515.22 |
| ;; | 23.03.20 | 31745 | 43(ഡീസൽ) | 2846.17 |
| ;; | 28.03.20 | 31859 | 36.70 (ഡീസൽ) | 2429.17 |
| ;; | 29.03.20 | 31935 | 46(ഡീസൽ) | 3044.74 |
| KL 35 D | 11.03.20 | 30817 | 25(പെട്രോൾ) | 1816.25 |

| | | | | |
|---|---|---|---|---|
| 786 | | | | |
| KL 35 D 786 | 25.03.20 | 31821 | 25(പെട്രോൾ) | 1798.25 |
| KL 35 G-8570 | 10.03.20 | 30639 | 38 (ഡീസൽ) | 2553.98 |
| KL 35 G-8570 | 20.03.20 | 31535 | 36 (ഡീസൽ) | 2382.84 |
| KL 35 H-5498 | 07.03.20 | 30391 | 28.05 (ഡീസൽ) | 1933.33 |
| KL 35 G-3107 | 01.02.20 | 27405 | 23.41 (ഡീസൽ) | 1645.96 |
| KL 35 G-3107 | 04.02.20 | 27671 | 32.94 (ഡീസൽ) | 2310 |
| KL 35 G-3107 | 12.02.20 | 28211 | 44.27(ഡീസൽ) | 3050 |
| KL 35 G-3107 | 18.02.20 | 28923 | 40 (ഡീസൽ) | 2746.40 |
| KL 35 G-3107 | 20.02.20 | 29623 | 38.13 (ഡീസൽ) | 2618 |
| KL 35 G-8570 | 14.02.20 | 28480 | 37.01 (ഡീസൽ) | 2545 |
| KL 35 G-8570 | 18.02.20 | 23102 | 34 (ഡീസൽ) | 2385 |
| KL 35 D 786 | 29.02.20 | 29360 | 1859(പെട്രോൾ) | 1859.75 |
| KL 35 H-5498 | 09.02.20 | 28047 | 29 | 2008.83 |
| KL 35 H-5498 | 22.02.20 | 29161 | 29.10 | 1998.01 |
| ആകെ | | | | 89368.07 |

2. വൗച്ചർ നമ്പർ 22000920/0503.21 പ്രകാരം നഗരസഭയിലെ വിവിധ വാഹനങ്ങൾക്ക് 79284 രൂപയുടെ ഇന്ധനം നിറച്ചിട്ടുണ്ട്. ലോഗ് ബുക്കിൽ ചേർക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന നമ്പർ | തിയതി | ബിൽ നമ്പർ | അളവ് | തുക |
|---|---|---|---|---|
| KL35H5498 | 02.12.20 | 14705 | 30 (ഡീസൽ) | 2515.70 |
| | 09.12.20 | 15324 | 40(ഡീസൽ) | 3139.20 |
| | 18.12.20 | 15935 | 35 (ഡീസൽ) | 2746.80 |
| | 28.12.20. | 16502 | 42.05 (ഡീസൽ) | 3335.40 |
| | 02.11.20 | 12494 | 42 | 3142.44 |
| | 13.11.20 | 13333 | 32.48 | 2431 |
| ഗ്രാസ് കട്ടർ | 03.11.20 | 12609 | 5(പെട്രോൾ) | 460.65 |

| | | | | |
|---|---|---|---|---|
| ഗ്രാസ് കട്ടർ | 25.11.20 | 14217 | 9(പെട്രോൾ) | 1001.06 |
| | 06.11.20- | 13830 | 5 | 408.65 |
| | 03.12.20 | 14830 | 10 | 834.10 |
| ഗ്രാസ് കട്ടർ | 06.11.20 | 13830 | 5 | 408.65 |
| KL 35 G-3107 | 02.11.20 | 12557 | 45.87(ഡീസൽ) | 3431.99 |
| | 06.11.20 | 12873 | 50.14(ഡീസൽ) | 3751.47 |
| | 12.11.20 | 13196 | 41.83(ഡീസൽ) | 3130 |
| | 19.11.20 | 13807 | 40 (ഡീസൽ) | 2992.80 |
| | 25.11.20- | 14224 | 46.38(ഡീസൽ) | 3520 |
| | 17.12.20 | 15211 | 74 | 3688.56 |
| | 14.12.20 | 15811 | 41.25 | 3237.30 |
| | 18.12.20 | 15780 | 30.72 | 2410.91 |
| | 22.12.20 | 15311 | 44 | 3453.12 |
| KL35 G 9654 | 02.11.20 | 12548 | 3(പെട്രോൾ) | 245.19 |
| | 27.11.20 | 14341 | 3(പെട്രോൾ) | 247.92 |
| KL35H 6377 | 28.11.20 | 14419 | 49(ഡീസൽ) | 3755.85 |
| | 4.12.20 | 14929 | 40 (ഡീസൽ) | 3105.20 |
| | 18.12.20 | 15391 | 48.41(ഡീസൽ) | 3800 |
| ഗ്രാസ് കട്ടർ | 03.12.20 | 14830 | 10 (പെട്രോൾ) | 834.10 |
| KL35D 786 | 23.12.20 | 16381 | 15 (പെട്രോൾ) | 1266.90 |
| | 31.12.20 | 17015 | 15(പെട്രോൾ) | 1266.90 |
| | 13.11.20 | 13363 | 27.53 (പെട്രോൾ) | 2250 |
| KL35H 3107 | 17.12.20 | 15201 | 47 (ഡീസൽ) | 3688.56 |
| KL35 G 9654 | 18.12.20 | 15407 | 3 (പെട്രോൾ) | 253.38 |
| | 17.12.20 | 15860 | 3 (പെട്രോൾ) | 253.38 |
| ആകെ | | | | 71007.18 |

3. കൂടാതെ KL 35G 8570 എന്ന വാഹനം (പിക് അപ്) 18.09.2020 ന് ശേഷം ഓടിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 01.09.2021 മുതലുള്ള യാത്രകളുടെ രേഖപ്പെടുത്തലുകളാണ് ലോഗ് ബുക്കിലുള്ളത്. 18.09.2020 മുതൽ 01.09.2021 വരെ ടി വാഹനത്തിന്റെ സേവനം ലഭിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ ഇന്ധനം നിറച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | അളവ് | തുക |
|---|---|---|
| 03.11.20 | 33.51 | 2507.22 |
| 06.11.20 | 10.02 | 750 |
| 13.11.20 | 35 | 2618.70 |
| 02.12.20 | 35 | 2701.65 |
| 19.12.20 | 30 | 2354.40 |
| ആകെ | | 10931.97 |

ആകെ 171307.22 രൂപ(89368.07+71007.18+10931.97) വിവിധ വാഹനങ്ങളിൽ ഇന്ധനം നിറച്ച ഇനത്തിൽ

ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സാഹചര്യത്തിൽ ക്രമ നം. 1,2 പ്രകാരമുള്ള (89368.07 + 71007.18) 160375.25 രൂപയുടെ ചെലവ് തസ്സപ്പെടുത്തുന്നു. കൂടാതെ ക്രമ നം. 3ൽ പരാമർശിച്ച പ്രകാരം വാഹനം ഓടിയിട്ടില്ലാത്ത തീയതികളിൽ ഇന്ധനം നിറച്ചതിന് ചെലവായ 10931.97 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

4.ചെക്ക് നമ്പർ-564786/27.11.20.

ടി ചെക്ക് മുഖാന്തിരം 160557 രൂപ എസ്.ബി.ഐ ഈരാറ്റുപേട്ട ശാഖയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.ടി തുക സി.സി.എൽ ഓയിൽസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന് നഗരസഭയുടെ വിവിധ വാഹനങ്ങൾക്ക് ഇന്ധനം നിറച്ചതിന് നൽകിയതാണ്.എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ( E2-5026/16) ടി തുകയുടെ ചെലവ് സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ സി.സി.എം ഓയിൽസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ബിൽ/ഇൻവോയ്സ്, ചെലവ് സംബന്ധിച്ച പേമെന്റ് വൗച്ചർ ,വാഹനങ്ങളുടെ ലോഗ് ബുക്ക് എന്നിവയൊന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.ടി സാഹചര്യത്തിൽ ചെക്ക് നമ്പർ-564786/27.11.20 പ്രകാരമുള്ള 160557 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

5. ഔദ്യോഗിക വാഹനങ്ങളുടെ ഇന്ധനക്ഷമത നടത്തിയതായി കാണുന്നില്ല

നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ചതായി കാണുന്നില്ല.ഇന്ധനനക്ഷമത പരിശോധിച്ച് ആയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.നഗരസഭയുടെ ഔദ്യോഗിക വാഹനങ്ങളുടെ എല്ലാം ഇന്ധനക്ഷമത പരിശോധിച്ച് ആയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്.

## 1-44 പൊതു ടാപ്പ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നഗരസഭയുടെ വാർഡ് 5 ൽ രണ്ട് പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനായി 60000 രൂപ (ചെക്ക് നമ്പർ 137953/14.1020 ) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി പിൻവലിച്ചിട്ടുണ്ട്.ടി തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ- പി.എച്ച് .സെക്ഷൻ കോട്ടയം എന്ന പേരിലാണ് നൽകിയിട്ടുള്ളത് (ഡി.ഡി നമ്പർ-777636/19.10.2020). 60000 തുക കൈപ്പറ്റിയിട്ടുള്ളതായി രസീത് നമ്പർ 0961816/19.10.2020 പ്രകാരം വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പൊതു ടാപ്പ് സ്ഥപിച്ചിട്ടുള്ളതായി കാണുന്നില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.പൊതു ടാപ്പ് സ്ഥാപിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവഴിച്ച 60000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 മരുന്ന് പൂർണ്ണമായും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

മെഡിക്കൽ ഓഫീസർ എഫ്. എച്ച്. സി 2020-21 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ തുക ഒടുക്കിയിരുന്നു എങ്കിലും ഒടുക്കിയ മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | 84/21 എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 600000/ രൂപ | 20/20-21-30.10.21 | 342742 / രൂപ | 257258 / രൂപ |
| 2 | 141/21 പാലിയേറ്റീവ്കെയർ പ്രോഗ്രാം | 189991 / രൂപ | 37/20-21 – 12.02.21 | 149739 /രൂപ | 40252 / രൂപ |
| 3 | 321/21 പാലിയേറ്റീവ്കെയർ | 149998 | 6/20-21-24.07.20 | 146907 /രൂപ | 3091 |

| | | | | | |
|---|---|---|---|---|---|
| | പ്രോഗ്രാം | | | | |
| | ആകെ | 939989 / രൂപ | | 639388 /രൂപ | 300601/ രൂപ |

300601/ രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-46 റോഡിതരമെയിന്റനൻസ് ഗ്രാന്റ് - ഭവനപുനരുദ്ധാരണ പ്രോജക്റ്റിന് വിനിയോഗിച്ചത്- സർക്കാർ ഉത്തരവിന്റെ ലംഘനം

നഗരസഭയുടെ വാർഷികപദ്ധതിയിൽപ്പെടുത്തി 2020-21 വർഷം ഭവനപുനരുദ്ധാരണ പ്രോജക്റ്റ് ചുവടെ ചേർക്കും പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 220/21,ഭവനപുനരുദ്ധാരണം ജനറൽ-വനിതകൾക്ക്(സ്പിൽഓവർ) | 150000 | 57855/ |

റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ തദ്ദേശസ്ഥാപനങ്ങളുടെ തനത് ആസ്തികളുടെയും അവയ്ക്ക് കൈമാറിക്കിട്ടിയ ആസ്തികളുടെയും മെയിന്റനൻസിനായി വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കുലറുകളിലൊന്നും ഭവനപുനരുദ്ധാരണത്തിന് വിനിയോഗിക്കാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. വിവിധ സർക്കാർ ഉത്തരവുകളിലും സർക്കുലറിലും നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്. മുൻവർഷ റിപ്പോർട്ടിലും (2018-19)ഇതേ വിഷയം പരാമർശിച്ചിരുന്നതാണ്. നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെയും, സെക്രട്ടറിയുടെയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ഉണ്ടാവേണ്ടതാണ്.

1-47 മുനിസിപ്പൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം

നഗരസഭയുടെ നിയന്ത്രണത്തിലുള്ള കരിംസാഹിബ് മെമ്മോറിയൽ ലൈബ്രറിയുടെ പ്രവർത്തനം തികച്ചും പരിതാപകരമായ അവസ്ഥയിലാണ്.കേരള ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരം പ്രസ്തുത ലൈബ്രറിക്ക് ഇല്ലയെന്നുള്ളതാണ് ലൈബ്രറിയുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാനകാരണം. കൂടാതെ മുഴുവൻ സമയ ലൈബ്രേറിയന്റെ അഭാവം, പുതിയ പുസ്തകങ്ങൾ, വർത്തമാന പത്രങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവയില്ലാത്തത്, ലൈബ്രറിക്കാവശ്യമായ ഉപകരണങ്ങൾ, സ്ഥലസൗകര്യമുൾപ്പെടെ പശ്ചാത്തലസൗകര്യങ്ങളുടെ കുറവ് എന്നിവയെല്ലാം ലൈബ്രറിയുടെ പ്രവർത്തനത്തിന് വിഘാതമായിരിക്കുന്നു. തന്മൂലം ലൈബ്രറി ഉപയോഗിക്കുന്നവരുടെ എണ്ണത്തിലും വലിയ കുറവ് ഉണ്ടാകുന്നു. അംഗങ്ങളില്ലാത്തതിനാൽ മാസവരിസംഖ്യപോലെയുള്ള വരുമാനവും ഇല്ല. വർഷങ്ങളായി ശേഖരിച്ചിട്ടുള്ള പത്രമാസികകൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാത്തത് ഉള്ള സ്ഥലസൗകര്യം പോലും ഉപയോഗിക്കുന്നതിൽ തടസ്സമാകുന്നു. മതിയായ നടപടികൾ സ്വീകരിച്ച് നഗരസഭാ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

1-48 അഗതിരഹിതകേരളം- അക്കൗണ്ട് വിശദാംശങ്ങൾ

ആശ്രയ ഒന്ന് ,രണ്ട് ഘട്ടങ്ങൾക്ക് ശേഷം ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക 1099475.25 രൂപ അഗതിരഹിത കേരളം പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്ക്,ഈരാറ്റുപേട്ടയിലെ 40545101053346 നം.അക്കൗണ്ടിൽ 05-04-2019ൽ വരവ് വച്ചിട്ടുണ്ട്. പാസ് ബുക്ക് പ്രകാരം 2019-20 ലെ ആകെ വരവ് ആശ്രയപദ്ധതിയുടെ ബാക്കിതുക ഉൾപ്പെടെ 1130786.25 രൂപയും ചെലവ് 1092915/രൂപയും 31-03-2021 ലെ നീക്കിയിരിപ്പ് 37871.25 രൂപയുമാണ്.

ആശ്രയപദ്ധതി എന്ന പ്രോജക്റ്റ് നം.3/21 പ്രകാരം 950000/രൂപയും 324/21 (സ്പിൽ ഓവർ)പ്രകാരം 50000/രൂപയുമുൾപ്പെടെ 2020-21ൽ പത്ത് ലക്ഷം രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് വികസനഫണ്ടിൽ നിന്ന് (കേരള ഗ്രാമീൺ ബാങ്ക്)നല്കുകയുണ്ടായി .

2020-21 ലെ മുന്നിരിപ്പ് 37871.25 രൂപയും തൻവർഷ വരവ് 1618477/രൂപയുമുൾപ്പെടെ ആകെ വരവ്

1656348.25/രൂപയും തൻവർഷ ചെലവ് 1347627/രൂപയുമാണ്.ഇത് പ്രകാരം നീക്കിയിരിപ്പ് 308721.25/രൂപയാണ് ഉണ്ടാവേണ്ടത്.എന്നാൽ പാസ്ബുക്ക് പ്രകാരം 31-03-21 ലെ നീക്കിയിരിപ്പ് 310079/രൂപയാണ്.കാഷ് ബുക്ക് ലഭിക്കാത്ത സാഹചര്യത്തിൽ വ്യത്യാസം സംബന്ധിച്ച വിശദീകരണം രേഖകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇന്റർ ലോക്ക് പേവിങ് വിരിക്കൽ - കരാറുകാരന് അധിക തുക നൽകി

മുനിസിപ്പൽ എൻജിനീയർ 2020-21 വർഷം നിർവ്വഹിച്ച മാർക്കറ്റ് കോംപ്ലക്സ് കോമ്പൗണ്ട് ഇൻറർലോക്ക് പേവിങ് വിരിക്കൽ എന്ന പദ്ധതിയിൽ (പ്രോജക്ട് നമ്പർ 249/21) നാലു ലക്ഷം രൂപ വകയിരുത്തുകയും 30.1.2020 ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് 'ക്വോട്ട് ചെയ്ത ശ്രീ ടി എ. സുലൈമാൻ എന്ന കരാറുകാരനെ തെരഞ്ഞെടുത്ത് കരാർ നമ്പർ 104/എ.ഇ/2019-20 തീയതി 7.3.2020 ആയി കരാർ ചമയ്ക്കുകയും ചെയ്തു. എം ബുക്ക് നമ്പർ 229 പ്രകാരം അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക നൽകി. 03.08.21ൽ കരാറുകാരൻ സമർപ്പിച്ച ഇ.എം.ഡി തിരികെ നൽകുകയും ചെയ്തു.

എന്നാൽ ഓഡിറ്റ് വേളയിൽ 12.01.21 ൽ ഓഡിറ്റ് ടീം നേരിൽ സൈറ്റ് സന്ദർശിച്ച അവസരത്തിൽ മാർക്കറ്റ് കോംപൗണ്ടിൽ പേവിങ് ടൈൽ വിരിച്ച ഭാഗം ഇടിഞ്ഞു താഴ്ന്ന് ടൈലുകൾ പൊട്ടിത്തകർന്ന നിലയിലാണ് കാണാൻ കഴിഞ്ഞത്. കൂടാതെ റോഡിനോട് ചേർന്ന ഭാഗം ടൈലുകൾ ഇളകി മാറി ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. മാർക്കറ്റ് കോംപൗണ്ടിന്റെ പിൻഭാഗം സ്വകാര്യ വ്യക്തി അനധികൃതമായി റോഡ് നിർമ്മാണത്തിനായി പൊളിച്ചതിനെത്തുടർന്ന് തകർന്ന് കിടക്കുന്നു. നിർമ്മാണം പൂർത്തിയായി ഏതാനും മാസത്തിനകം ഉള്ള അവസ്ഥയാണിത്. നിർവ്വഹണത്തിലെ അപാകതകൾ ആണ് ഈ അവസ്ഥയ്ക്ക് കാരണം. ഡാറ്റാ പ്രകാരം വിഭാവനം ചെയ്ത നിർമ്മാണ രീതി ചുവടെ ചേർക്കുന്നു.

| കോഡ് | റഫറൻസ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|---|---|
| എൽ 12 | | മേറ്റ് | ദിനം | 1 | 407 | 407 | |
| എൽ 29 | | മസ്ദൂർ | ദിനം | 17 | 368 | 6256 | |
| എൽ10 | | മേസൺ | ദിനം | 8 | 448 | 3584 | |
| പി&എം | | വെള്ളം ടാങ്കർ | മണിക്കൂർ | 2 | 200 | 400 | |
| എം379 | | ഇന്റർ ലോക്ക് ബ്ളോക്ക് 80എം.എം | ച.മീ | 225 | 370 | 83250 | |
| എം381 | | എഡ്ജ് | മീ | 120 | 55.50 | 6660 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ബ്ളോക്ക് | | | | | |
| എം348 | | സാന്റ് | ഘന മീ | 7.23 | 1303.77 | 9426.26 | |
| എം 189 | | വെള്ളം | കിലോ ലിറ്റർ | 3 | 13 | 39 | |
| ആകെ | | | | | | | 110022.226 |
| 225 ഘന മീ ചെലവ് | | | | | | | 110022.26 |
| 1 ഘന മീ ചെലവ് | | | | | | | 488.89 |
| കൂട്ടുക ഓവർ ഹെഡ് ചാർജ് 10% | | | | | | | 48.89 |
| കൂട്ടുക കരാറുകാരനുള്ള ലാഭം 10% | | | | | | | 53.78 |
| കോസ്റ്റ് ഇൻഡക്സ് 37.93% | | | | | | | 224.34 |
| ആകെ നൽകിയ നിരക്ക് | | | | | | | 816.02 |

എന്നാൽ ഡാറ്റാ പ്രകാരം വിഭാവനം ചെയ്ത എഡ്ജ് ബ്ലോക്ക് വിരിക്കൽ എന്ന ഇനം നിർവ്വഹിച്ചിട്ടില്ലാത്തതായി സൈറ്റ് പരിശോധനയിൽ വ്യക്തമായി. ഈ ഇനം ഒഴിവാക്കിയുള്ളതും കരാറുകാരന് നൽകാനാവുന്നതുമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ 110022.26 – 6660(നിർവ്വഹിക്കാത്ത പ്രവർത്തിയുടെ നിരക്ക്) | 103362.26 |
| 225 ഘന മീ ചെലവ് | 103362.26 |
| 1 ഘന മീ ചെലവ് | 459.38 |
| കൂട്ടുക ഓവർ ഹെഡ് ചാർജ് 10% | 45.938 |
| | 505.318 |
| കൂട്ടുക കരാറുകാരനുള്ള ലാഭം 10% | 50.53 |
| | 555.849 |
| കോസ്റ്റ് ഇൻഡക്സ് 37.93% | 210.83 |
| ആകെ നൽകാവുന്ന നിരക്ക് | 766.68 |
| എം ബുക്ക് പ്രകാരം ചെയ്ത അളവ് (ച.മീ) | 432.14 |
| നൽകാവുന്ന തുക 432.14*766.68 | 331313.09 |
| നൽകിയതുക432.14*816.02 എം ബുക്ക് നം 229പേജ് നം3 | 352634.88 |

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| ആകെ പ്രവർത്തിമൂല്യം | 352634.88 | 331313 |
| കുറയ്ക്കുക ടെൻഡർ കുറവ്(0.01%) | 35.26 | 33.13 |
| അറ്റ മൂല്യം | 352599.62 | 331279.87 |
| കൂട്ടുക സെൻട്രൽ ജി എസ് ടി 6% | 21155.98 | 19876.79 |
| സ്റ്റേറ്റ് ജി എസ് ടി 6% | 21155.98 | 19876.79 |
| ആകെ | 394911.58 | 371033.45 |
| അതായത് | 394912/- | 371033/- |
| കുറയ്ക്കുക ആദായനികുതി1 % | 3526 | 3313 |

| | | |
|---|---|---|
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 3526 | 3313 |
| സ്റ്റേറ്റ് ജി എസ് ടി 1% | 3526 | 3313 |
| സെൻ്ററൽ ജി.എസ് ടി 1% | 3526 | 3313 |
| കരാറുകാരന് | 380808/- | 357781/- |
| അധികം നൽയത് | 23027/- | |
| കരാറുകാരന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. | | |
| ധനകാര്യ കമ്മീഷൻ ഗ്രാൻ്റ് ബിൽനം 47/20-21 തീയതി 27.11.20 | 2,81,526/- | - |
| തനത് ഫണ്ട് ചെക്ക് നമ്പർ 657855 തീയതി 3.07.20 | 1,13,386/- | - |

23027/-രൂപ കരാറുകാന് അധികമായി നൽകിയതായി കാണുന്നു. അധികമായി തുക നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/13.1.21) മറുപടി ലഭ്യമാക്കാത്തതിനാൽ കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഇപ്രകാരം തുക ഈടാക്കാത്ത പക്ഷം മുൻസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

3-2 ലോഗ് ബുക്ക് - രേഖപ്പെടുത്തലുകൾ - അപൂർണ്ണം

KL 35G 8570 എന്ന വാഹനം (പിക് അപ്) 18.09.2020 ന് ശേഷം ഓടിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 01.09.2021 മുതലുള്ള യാത്രകളുടെ രേഖപ്പെടുത്തലുകളാണ് ലോഗ് ബുക്കിലുള്ളത്. 18.09.2020 മുതൽ 01.09.2021 വരെ ടി വാഹനത്തിന്റെ സേവനം ലഭിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ ഇന്ധനം നിറച്ചിട്ടുണ്ട് . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | അളവ് | തുക |
|---|---|---|
| 03.11.20 | 33.51 | 2507.22 |
| 06.11.20 | 10.02 | 750 |
| 13.11.20 | 35 | 2618.70 |
| 02.12.20 | 35 | 2701.65 |
| 19.12.20 | 30 | 2354.40 |
| ആകെ | | 10931,97 |

വാഹനം ഓടിയിട്ടില്ലാത്ത തീയതികളിൽ ഇന്ധനം നിറച്ചതിന് ചെലവായ 10931.97 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ചെക്ക് നമ്പർ-564786/27.11.20.

ടി ചെക്ക് മുഖാന്തിരം 160557 രൂപ എസ്.ബി.ഐ ഈരാറ്റുപേട്ട ശാഖയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുക സി.സി.എം ഓയിൽസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന് നഗരസഭയുടെ വിവിധ വാഹനങ്ങൾക്ക് ഇന്ധനം നിറച്ചതിന് നൽകിയതാണ്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ( E2-5026/16) ടി തുകയുടെ ചെലവ് സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ സി.സി.എം ഓയിൽസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ബിൽ/ഇൻവോയ്സ്, ചെലവ് സംബന്ധിച്ച പേമെന്റ് വൗച്ചർ, വാഹനങ്ങളുടെ ലോഗ് ബുക്ക് എന്നിവയൊന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ടി

സാഹചര്യത്തിൽ ചെക്ക് നമ്പർ-564786/27.11.20 പ്രകാരമുള്ള 160557 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

### 3-3 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -തൊഴിലാളികൾക്ക് അർഹമായതിലും അധികമായി വേതനം നൽകി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ 2020- 21 വർഷം മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരിക്കുന്ന തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് വേതനം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ചെക്ക് നം | തുക | തൊഴിലാളികളുടെ പേര് | തൊഴിൽ ദിനങ്ങളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|---|---|
| 21ാം വാർഡ് ഇരപ്പാംകുഴി റോഡ് സംരക്ഷണ ഭിത്തി | 14579/30.06.20 | 46750/- | ഉബൈദ് | 10 | 11600 | @967/ദിവസം 9670/- | 1930/- |
| വാർഡ് 24 തോട് വൃത്തിയാക്കൽ | 15346/20.07.20 | 45241/- | ഷമി സലീം | 9 | 3252/- | @271/ദിവസം 2439/- | 813/- |
| വെട്ടിക്കൽ തോട് ശുചീകരണം | 15351/25.08.20 | 45424/- | ഫൈസൽ തൊഴിൽ കാർഡ് നം ഇല്ല | 2 | 1794/- | @967/ദിവസം 25/429 എന്ന തൊഴിൽ കാർഡിൽ ഫൈസലിന് 8401/-ഇതേ മസ്ററോളിൽ തുക നൽകി | 1794/- |
| ആകെ | | | | | | | 4537/- |

യഥാർത്ഥ തൊഴിൽ ദിനങ്ങളിലും അധികമായി തൊഴിലാളികൾക്ക് നൽകിയ വേതനം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടി നൽകിയ അന്വേഷണക്കുറിപ്പിന് നം 34/19.1.21മറുപടി ലഭ്യമാക്കാത്തതിനാൽ അധികമായി നൽകിയ 4537/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഈരാറ്റുപേട്ട നഗരസഭയുടെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 28/07/2021-ലെ I-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 07/01/2022, 10/01/2022 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ്

ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്റ്റിനായി 2020-21 വർഷം ഈരാറ്റുപേട്ട നഗരസഭയ്ക്ക് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ഒന്നും ലഭിച്ചില്ല.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പിൽ(Ground Water Department) 477,930/- രൂപ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | അംഗൻവാടികളിൽ കുടിവെള്ളം കുഴൽക്കിണർ നിർമ്മാണം(344/21) | 200,000/- | 0 | 200,000/- |
| | സ്കൂളുകളിൽ കുടിവെള്ളം കുഴൽക്കിണർ നിർമ്മാണം(342/21) | 277,930/- | 0 | 277,930/- |
| ആകെ | | 477,930/- | 0 | 477,930/- |

നിക്ഷേപ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം സുസ്ഥിര ആസ്തിയായി 410800100-Other Fixed Assets-Municipality എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. നിക്ഷേപ പ്രവൃത്തികൾക്കായി നൽകുന്ന തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് ധനവിനിയോഗ/പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ച ശേഷം മാത്രം നിശ്ചിത വിഭാഗം ആസ്തിയായി ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അക്കൗണ്ടിങ്ങ് അപാകത മൂലം നിക്ഷേപ തുക അഡ്വാൻസായി 31/03/2021 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് നിക്ഷേപ പ്രവൃത്തികളുടെ വിവരം 2020-21 വർഷത്തെ ഡെപോസിറ്റ് രജിസ്റ്റർ, കണക്കുകളുടെ സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം നഗരസഭയ്ക്ക് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2020-21 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | G.O(MS) 68/2018/LSGD | 101,120,000/- | ഇല്ല | 6,306,667/- | - | 94,813,333/- |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ വായ്പ(KURDFC) | 18/05/2018 | | | | | |

സെക്രട്ടറിയുടെ 352/21,361/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 6,253,334/- രൂപയും 353/21,356/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCSP) യിൽ 40,000/- രൂപയും 354/21,357/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 13,333/- രൂപയും ഉൾപ്പടെ ആകെ 6,306,667/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1121/2016/തസ്വഭവ തീയതി 04/03/2016 പ്രകാരം അനുമതി ലഭിച്ചതിന് ശേഷം 20 ലക്ഷം രൂപ CLEAN KERALA COMPANY LIMITED-ൽ 2016-ൽ നിക്ഷേപിച്ചു. നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും 2015-16 വർഷത്തിനു ശേഷം നിക്ഷേപത്തിന്റെ മൂല്യം 31/03/2021 വരെയും കാലികമാക്കി അക്കൗണ്ട് ചെയ്തില്ല എന്ന് കാണുന്നു. ആയതിനാൽതിനാൽ നഗരസഭയ്ക്ക് ഷെയർ നിക്ഷേപമായുള്ള യഥാർത്ഥ തുകയുടെ മൂല്യം വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

### 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും വരവില്ല. നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി17 -108/2020/07.05.2020 | 3-2 | 34,000/- | സാനന്ത്സിങ്ങ്(സെക്രട്ടറി) റോഷ് വില്ല, പാമ്പാടുംകുഴി, പാലൂർകോണം, പാറശാല പി.ഓ., തിരുവനന്തപുരം (Surcharge Notice No.KSA.2873/ Spl Cell/CSC/A1/2020/25.01.2021) |
| | | 3-4 | 4,275/- | സതീഷ് കുമാർ (അസിസ്റ്റന്റ് എഞ്ചിനീയർ) കരിങ്ങാട്ടിൽ വീട്, കൈപ്പുഴ നോർത്ത്, കുളനട(പി.ഓ.), പന്തളം (Surcharge Notice No.KSA.2873/ |

| | | |
|---|---|---|
| | | Spl Cell/CSC/A1/2020(i)/28.06.2021) |
| | 4,724/- | ബിജു കെ.<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)<br>വിസ്ഡം ഗാർഡൻ, മണ്ണന്തല പി.ഓ.,<br>തിരുവനന്തപുരം<br>(Surcharge Notice No.KSA.2873/<br>Spl Cell/CSC/A1/2020(ii)/28.06.2021) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 122,183,254/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101,207,606/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 199052.97 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2354478.25 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 23027 | സിജു സി. എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 10931.97<br>160557 | ,,<br>,, |
| 3-3 | | 4537 | ആഷാ നൗറിൻ, അക്രഡിററഡ് ഓവർസിയർ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| ആകെ | - | 199052.97 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 50,000/- | സജി എം. എസ്., സെക്രട്ടറി |
| 1-26 | 25,000/- | ഫിറോസ് ഖാൻ എ., സെക്രട്ടറി |
| 1-27 | 18,000/- | ഫിറോസ് ഖാൻ എ., സെക്രട്ടറി |
| 1-28 | 2,33,629/-<br>1,50,000/- | ശ്രീജിത്ത് വിജയൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I<br>ബിജോയി ബി.ജി., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I |
| 1-29 | 9,000/- | ഫിറോസ് ഖാൻ എ. സെക്രട്ടറി |
| 1-30 | 2,00,000/- | മിനി ജോസഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-31 | 2,77,930/- | ഉഷാര നൈനാൻ, പ്രിൻസിപ്പൽ |
| 1-32 | 11,70,544/- | ഫിറോസ് ഖാൻ എ. സെക്രട്ടറി |
| 1-43 | 1,60,375.25 | സിജു സി.എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| 1-44 | 60,000/- | സജി എം. എസ്., സെക്രട്ടറി |
| ആകെ | 23,54,478.25 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-18-1, 1-32, 1-33

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിജു സി. എസ്.<br>മുനിസിപ്പൽ എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്(LI & EW),<br>പാമ്പൂർ ബ്ലോക്ക്പഞ്ചായത്ത്,<br>കണ്ണൂർ ജില്ല | ശ്രീനന്ദനം,<br>ചോറ്റാനിക്കൽ വീട്,<br>മങ്ങാട്ട് ജംഗ്ഷന് കിഴക്ക്,<br>തൊടുപുഴ ഈസ്റ്റ്(പി.ഓ.),<br>ഇടുക്കി -685585. |
| ആഷാ നൗറിൻ,<br>അക്രഡിറ്റഡ് ഓവർസിയർ | അക്രഡിറ്റഡ് ഓവർസിയർ AUEGS,<br>ഈരാറ്റുപേട്ട | കരോട്ടു മുഞ്ഞനാട്ട്<br>കങ്ങഴ (പി.ഒ)<br>പത്തനാട് -686541 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 01/11/2015-31/03/2016 | കെ.എസ്.എ.-കെ.ടി.എം.പി8/91/2017 | 42 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി17/1517/2017/ 19.02.2018 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി17/191/2019/ 21.03.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി17/108/2020/ 23.10.2020 | 56 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്